Landway News
Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com email: landwaynews@gmail.com

10 MAR 2016

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 3 • Pages 8 • Price: Rs. 10/-

## സഭാരാധന ജില്ലാ കളക്ടർ തടഞ്ഞുവെന്ന് പരാതി

തിരുവനന്തപുരം: അസംബ്ലീസ് ഓഫ് ഗോഡ് ആറ്റിങ്ങൽ സെക്ഷനിലെ പുളിയൻകോട് സഭയുടെ പ്രവർത്തനം നിർത്തി വയ്ക്കുവാൻ ജില്ലാകളക്ടർ ഉത്തരവിട്ടു. ആരാധനാലയം നടത്തുന്നതിന് കളക്ടറുടെ അനുമതി വാങ്ങിയിട്ടില്ല എന്ന കാരണത്താലാണ് ആരാധന തടഞ്ഞുകൊണ്ട് ഉത്തരവ് നൽകിയത് എന്ന് പറയുന്നു.

1995-ലാണ് പുളിയൻകോട് അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രവർത്തനം ആരംഭിച്ചത്. പോത്തൻകോട് സഭയുടെ ബ്രാഞ്ചായി പാസ്റ്റർ എൻ. ഗമാലിയേലാണ് സഭ പ്രവർത്തനത്തിനു തുടക്കമിട്ടത്. അക്കാലത്ത് വിശ്വാസത്തിൽ വന്ന ബ്രദർ സാംകുട്ടി 5 സെന്റ് സ്ഥലം ആരാധനാലയം പണിയുന്നതിനായി സൗജന്യമായി നൽകി. എന്നാൽ ആ സമയം മുതൽ സമീപവാസിയും കുടുംബവും പ്രശ്നങ്ങളുണ്ടാക്കിയിരുന്നു. 2001- ൽ പാസ്റ്റർ ഗമാലിയേൽ ഇവിടെ വച്ച് ക്രൂരമായ മർദ്ദനത്തിനും ഇരയായിരുന്നു. 1997 മുതൽ 2004 വരെ പാസ്റ്റർ രഞ്ജിത്ത് തമ്പി സഭാ ശുശ്രൂഷകനായിരുന്നു. 2004 – മുതൽ പാസ്റ്റർ എസ്. എൽ. ബാബു ഇവിടെ ശുശ്രൂഷിച്ചു വരുന്നു. 2015 ജൂലൈ വരെ സമീപത്തെ ഒരു വാടക കെട്ടിടത്തിലായിരുന്നു ആരാധന നടത്തിയിരുന്നത്.

2010-ൽ പാസ്റ്റർ എസ്. എൽ. ബാബുവിന്റെ നേതൃത്വത്തിൽ സഭാവക സ്ഥലത്ത് കെട്ടിടത്തിന്റെ പണി ആരംഭിച്ചു. ആദ്യഘട്ടം മിഷൻ വീടിന്റെ പണിയും അതിനു മുകളിൽ ആരാധനാലയവും പണിയുവാനാണ് പദ്ധതി തയ്യാറാക്കിയത്. അനേക ദൈവമക്കളുടേയും സഭകളുടേയും സഹായ സഹകരണത്താൽ 16 ലക്ഷം രൂപ ചെലവഴിച്ച് 5 വർഷം കൊണ്ട് മനോഹരമായ മിഷൻവീട് പണിതു.

2015 ജൂലൈ 5നു മിഷൻവീടിന്റെ പ്രതിഷ്ഠാശുശ്രൂഷയും നടത്തി. ആ സമയം മുതൽ വീണ്ടും സമീപവാസികൾ അകാരണമായി പ്രശ്നങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അതീവ ശ്രദ്ധയോട ശബ്ദം കുറച്ചാണ് പ്രാർത്ഥനകൾ നടത്തിയിരുന്നത്. എന്നാൽ സുവിശേഷ വിരോധികൾ ഇവിടെ അനധികൃതമായി ആരാധന നടത്തുന്നു എന്ന് കാണിച്ച് കളക്ടർക്കു പരാതി നൽകി. കളക്ടർ പാസ്റ്ററോടൊ വിശ്വാസികളോടൊ കാര്യങ്ങൾ അന്വേഷിക്കാതെ ഏകപക്ഷീയമായി നടപടി എടുക്കുകയായിരുന്നു എന്നു പാസ്റ്റർ ബാബു പറയുന്നു. പരാതികളുടെ അടിസ്ഥാനത്തിൽ മിഷൻ വീടിന്റ കെട്ടിട നമ്പർ തിരുവനന്തപുരം നഗരസഭ റദ്ദു ചെയ്തു ഉത്തരവു നൽകി. വൈദ്യുത കണക്ഷൻ 15 ദിവസത്തിനകം വിച്ഛേദിക്കുമെന്ന് അധികൃതർ അറിയിച്ചിരിക്കുകയാണ്. മാത്രമല്ല, ഇവിടെ താമസിച്ചുകൊണ്ടിരിക്കുന്ന പാസ്റ്ററേയും കുടുംബത്തേയും സുവിശേഷ വിരോധികൾ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതിലൊരാൾ സ്ത്രീകൾ മാത്രം ഇവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വിവസ്ത്രനായി അവരെ അസഭ്യം പറഞ്ഞു.

തെളിവുസഹിതം പരാതിപ്പെട്ടെങ്കിലും ഇതുവരെ പോലീസ് നടപടി സ്വീകരിച്ചിട്ടില്ല. പോലീസും പാസ്റ്ററേയും വിശ്വാസികളേയും ഭീഷണിപ്പെടുത്തുന്നതായി പാസ്റ്റർ ബാബു പറയുന്നു.

## ഭാരത് സ്കൗട്ട് രാഷ്ട്രപതി പുരസ്കാരം ലഭിച്ചു



കോട്ടയം: ഭാരത് സ്കൗട്ട് രാഷ്ട്രപതി പുരസ്കാർ അലൻ. എസ്. ഫിലിപ്പിന് ലഭിച്ചു. ഗുഡ് ന്യൂസ് വാരിക അസിസ്റ്റന്റ് എഡിറ്റർ സജി ഫിലിപ്പ് തിരുവഞ്ചൂർ ബിന്ദു ദമ്പതികളുടെ മൂത്ത മകൻ അലൻ. തിരുവഞ്ചൂർ പി. ഇ. എം ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥിയും സ്കൂൾ ലീഡറുമാണ്. കമാണ്ടറായ സ്കൗട്ട് ജില്ലാ റിപ്പബ്ലിക് ദിന പരേഡിൽ സ്കൗട്ട് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയിരിരുന്നു. ഉപ ജില്ലാ, ജില്ലാപ്രവൃത്തി പരിചയമേളയിൽ ത്രെഡ് പാറ്റേൺ വിഭാഗത്തിൽ തുടർച്ചയായി സമ്മാനങ്ങൾ ലഭിച്ചിട്ടുള്ള അലൻ സംസ്കൃത സ്കോളർഷിപ്പും നേടിയിട്ടുണ്ട്.

തിരുവഞ്ചൂർ ബഥേൽ ഫെലോഷിപ്പ് സഭയിലെ അംഗമായ അലൻ സൺഡേ സ്കൂൾ മററ് ആത്മീയ പരിപാടിയിലും ഉന്നതനിലവാരം പുലർത്തിവരുന്നു. സഹോദരി ഗ്ലോറിയ ആറാം ക്ലാസ് വിദ്യാർത്ഥിയാണ്.

## സെന്റർ കൺവൻഷൻ സമാപിച്ചു




അടൂർ: ഐ.പി.സി അടൂർ വെസ്റ്റ് സെന്റർ കൺവൻഷന് അനുഗ്രഹ സമാപ്തി. ഫെബ്രുവരി 3-7 വരെ കടമ്പനാട് ഹെബ്രോൻ കൺവൻഷൻ സെന്ററിൽ നടന്ന യോഗങ്ങൾ ഐ.പി.സി ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ റ്റി.ഡി. ബാബു, ജോയി പാറയ്ക്കൽ, ജോയി ജോസഫ്, ഫിലിപ്പ് പി. തോമസ് എന്നിവർ രാത്രി യോഗങ്ങളിൽ പ്രസംഗിച്ചു. വർഗീസ് മത്തായി, സാബു ഉമ്മൻ, സിസ്റ്റർ ഷീലാ ദാസ് എന്നിവർ പകൽ യോഗങ്ങളിൽ ശുശ്രൂക്ഷിച്ചു. കൺവൻഷനോടനുബന്ധിച്ച് സംയുക്ത ഉപവാസപ്രാർത്ഥന, ജീവകാരുണ്യ സമ്മേളനം, പുത്രികാ സംഘടനകളുടെ വാർഷികം എന്നിവയും നടത്തി.

ഞായറാഴ്ച രാവിലെ സംയുക്ത സഭായോഗത്തോടനുബന്ധിച്ച് നടന്ന കർത്തൃമേശയ്ക്ക് പാസ്റ്റർ ബഞ്ചമിൻ വർഗീസ് നേതൃത്വം നൽകി. പാസ്റ്റർ കെ. സി. തോമസ് സമാപന സന്ദേശം നൽകി. കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർമാരായ എ.സി. ജോസ്, തോമസ് ജോസഫ്, ബിജു കോശി, സാജൻ ഈശോ, മാർക്ക് എൻ. തങ്കച്ചൻ എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി.

### അറിയിപ്പ്

ലാൻഡ്‌വേ ന്യൂസിന്റെ 2016 ജനുവരി വരെയുള്ള ബൈബിൾ ക്വിസിൽ വിജയികളായ ആർക്കെങ്കിലും സമ്മാനം ഇതുവരെ കിട്ടിയിട്ടില്ലായെങ്കിൽ 2016 മാർച്ച് 31 ന് മുമ്പ് +91 9447440441 എന്ന നമ്പറിൽ വിളിക്കുക. ഇതിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

– പത്രാധിപർ

## യു.പി.എഫ് യോഗം



ഫുജൈറ: യു.എ.ഇ ഈസ്റ്റ് ക്രോസ്റ്റീജിയനിലെ പതിനഞ്ച് പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പിലെ പാസ്റ്റേർസിന്റെയും ഭാരവാഹികളുടെയും യോഗം ദൈദ് ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ചിൽ നടന്നു. ഫുജൈറ, കൽബ, കൊർഫക്കാൻ, ദിബ്ബ, മസാഫി, ദൈദ് എന്നീ പ്രാദേശിക സഭാ പ്രതിനിധികൾ പങ്കെടുത്തു. എക്സി ക്യൂട്ടീവ് കമ്മിറ്റി മെമ്പർ പാ. മോനിക്കുട്ടൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യു.പി.എഫ് പ്രസിഡന്റ് പാ. ജെയിംസ് കെ. ഈപ്പൻ മുഖ്യ പ്രഭാഷണം നടത്തി. യു.പി.എഫ് സെക്രട്ടറി പാ. ഷാജി മാത്യൂസ് റിപ്പോർട്ട് അവതരിപ്പിച്ചു. പാ. ഷാജി അലക്സാണ്ടർ, മീഡിയ സെക്രട്ടറി ഡഗ്ലസ് ജോസഫ്, ലൗജി കോശി എന്നിവർ പ്രാർത്ഥിച്ചു. ജോ. സെക്രട്ടറി ജിജി പാപ്പച്ചൻ, ഡാൾട്ടൻ, വിനയൻ എന്നിവർ യോഗത്തിനു നേതൃത്വം നൽകി.

## ലാൻഡ്‌വേ ന്യൂസിന്റെ അസോസിയേറ്റ് എഡിറ്റർ വിവാഹിതനായി



**കട്ടപ്പന:** ബെഥേൽ വീട്ടിൽ പാസ്റ്റർ പി. സി. ശാമുവേൽ, മേരി ദമ്പതികളുടെ മകൻ ഷിജു ജോൺ ശാമുവേലും ചെന്നൈ ആവടി പെനിയേൽ വീട്ടിൽ ജോണിക്കുട്ടി, ബേബി ദമ്പതികളുടെ മകൾ ലിഷയും തമ്മിൽ വിവാഹിതരായി. ഷിജു ജോൺ ശാമുവേൽ ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ അസോസിയേറ്റ് എഡിറ്ററാണ്.

ആശംസകളോടെ,
**മിസ്പാ ഗോസ്പൽ മിനിസ്ട്രി, തമിഴ്നാട്**
**ലാൻഡ്‌വേ ന്യൂസ് പേപ്പർ**

**LANDWAY NEWS**
EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# എല്ലാം നിനക്കായ് മാത്രം

വർഷങ്ങൾക്ക് മുമ്പ് അമേരിക്കൻ പട്ടണത്തിൽ ചെരിപ്പ്കുത്തിയായ ഒരു മനുഷ്യൻ ജീവിച്ചി രുന്നു. അതുവഴി യാത്ര ചെയ്തുവന്ന ഒരു സുവിശേഷകന്റെ ചെരിപ്പ് കേടായതിനാൽ ചെരിപ്പ് കുത്തുന്ന മനുഷ്യനോട് സുവിശേഷകൻ അപേക്ഷിച്ചു. എന്റെ ചെറിയ ചെരുപ്പ് ശരിയാക്കിത്തരാമോ? ചെരിപ്പ് കുത്തുന്ന മനുഷ്യന്റെ മറുപടി ഇപ്രകാരമായിരുന്നു. അതിനെന്താ ഞാൻ ശരിയാക്കിത്തരാം.

ചെരിപ്പ് ശരിയാക്കുന്നതിനിടയിൽ ഇരുവരും കുശലപ്രശ്നങ്ങളിൽ ഇടപെട്ടു. സുവിശേഷകൻ തന്നെ രക്ഷിച്ച യേശുക്രിസ്തുവിനെക്കുറിച്ചു പറയുവാൻ തുടങ്ങി. യേശുവിനെക്കുറിച്ചുള്ള വാക്കുകൾ താൻ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നതിനു ശേഷം ചെരിപ്പുകുത്തി ആർത്തിയോടെ ചോദിച്ചു. ഈ യേശുവിനെ എനിക്കും വേണം. എങ്കിൽ ഞാൻ എന്താണ് ചെയ്യേണ്ടത്? സുവിശേഷകന്റെ മറുപടി ഇപ്രകാരമായിരുന്നു. താങ്കൾ ഇരിക്കുന്ന ഇരിപ്പിൽ ഇരുന്നുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുക. യേശുവേ ഞാനൊരു പാപിയാണ്. എന്റെ പാപത്തിനുവേണ്ടി യേശു ഈ താണ ലോകത്തിൽ വന്നു കഷ്ടമേറ്റ് മരിച്ചു അടക്കപ്പെട്ടു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റുവെന്ന് ഞാൻ വിശ്വസിക്കുന്നു എന്റെ നാഥനും എല്ലാറ്റിനും എല്ലാമായി അങ്ങയെ ഞാൻ അംഗീകരിക്കുന്നു. എന്നെ അങ്ങയുടെ പൈതലാക്കി മാറ്റണമേ.

ചെരുപ്പുകുത്തിയായ മനുഷ്യൻ ഉറപ്പിച്ചുപറഞ്ഞു ഇനി ഈ എന്റെ ജീവിതം എല്ലാം നിനക്കായി മാത്രം. ഈ മനുഷ്യൻ പഴയ കാലങ്ങളിൽ ചെരുപ്പ് തുന്നുന്നത് വളരെ അകലത്തിലായിരുന്നു. പക്ഷേ യേശുവിനെ രക്ഷകനായി സ്വീകരിച്ചതിനുശേഷം ചെരിപ്പ് തുന്നുമ്പോൾ ഇഴകൾ അടുത്തടുത്തായി നല്ലവണ്ണം ജോലിചെയ്യുവാൻ തുടങ്ങി. അമിതമായി വന്നുകൊണ്ടിരുന്ന സമ്പത്തുകളെ വേണ്ടായെന്ന് ഹൃദയത്തിൽ തീരുമാനമെടുത്തു. അവൻ കൂടെ കൂടെ പറയുന്ന ഒരു വാക്കാണ് എല്ലാം നിനക്കായ് മാത്രം ഞാൻ ചെയ്യുന്നു. അവൻ കള്ളംകാണിക്കുന്ന തൊഴിലിൽ നിന്നും യഥാർത്ഥ ദൈവപൈതലായി മാറി. ഇതാണ് ഒരു മനുഷ്യനിൽ യേശുക്രിസ്തുവന്നാലുള്ള മാറ്റം. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി പഴയത് കഴിഞ്ഞുപോയി. സകലതും പുതുതായി തീർന്നിരിക്കുന്നു.

ചിലരെങ്കിലും ചിന്തിച്ചേക്കാം എന്തിനാണ് ഇത് എഴുതിയതിന്റെ കാരണം. മറുപടി പറയാം സ്നേഹിതരെ നമുക്ക് വേണ്ടി നാം ഒന്നും ചെയ്യാതെ ദൈവത്തിനു വേണ്ടി നാം എന്തെങ്കിലും ചെയ്യണം. ദൈവത്തിന് വേണ്ടി എന്തെങ്കിലും ചെയ്യുമ്പോൾ അതിൽ കള്ളം കാണിക്കുകയോ കാപട്യം നടത്തുവാനോ ആർക്കും കഴിയുകയില്ല. നമ്മുടെ ഈ ലോകത്തിലെ ബലഹീനമായ പിഴവുകൾ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ചു ഇപ്പോൾ നാം തുടർന്നു കൊണ്ടിരിക്കുന്ന തെറ്റിൽ നിന്നും പിന്തിരിയണം. നാം മുഖേന നമ്മുടെ സമൂഹത്തിന് നന്മമാത്രമേ വരാൻ ഇടയാകാവൂ. ദൈവം നമമുക്ക് നൽകിയ ഈ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള നന്മകൾക്ക് നാം രൂപം കൊടുക്കണം. ഈ നന്മകൾ മറ്റുള്ളവർക്ക് ഉപഹാരമാകുന്നുവോ എന്ന് ഇടക്കിടെ പരിശോധിക്കുന്നത് വളരെ ഗുണകരമായിരിക്കും.

> **നമുക്ക് വേണ്ടി നാം ഒന്നും ചെയ്യാതെ ദൈവത്തിനു വേണ്ടി നാം എന്തെങ്കിലും ചെയ്യണം. അങ്ങനെ ചെയ്യുന്നുവെങ്കിൽ ഒരിക്കലും ഒരിടത്തും നമുക്ക് പരാജയം വരുകയില്ല. അങ്ങനെയുള്ളവരുടെ വേരുകൾ പ്രതികൂലങ്ങളിൽ താഴ്ന്നിറങ്ങികൊണ്ടിരിക്കും.**

ചെരിപ്പ്കുത്തിയായ മനുഷ്യൻ പറയുന്നത്പോലെ എല്ലാം നിനക്കായി മാത്രം എന്ന വാക്കാണ് ഏറെ ഉത്തമം. അങ്ങനെ ചെയ്യുന്നുവെങ്കിൽ ഒരിക്കലും ഒരിടത്തും നമുക്ക് പരാജയം വരുകയില്ല. അങ്ങനെയുള്ളവരുടെ വേരുകൾ പ്രതികൂലങ്ങളിൽ താഴ്ന്നിറങ്ങികൊണ്ടിരിക്കും. എത്ര കാറ്റ് വന്നാലും വേനൽ വന്നാലും ഇങ്ങനെയുള്ളവർക്ക് ഒന്നും സംഭവിക്കുകയില്ല. പ്രതികൂലങ്ങളെ തരണം ചെയ്യുവാനുള്ള ദൈവകൃപ അതാത് സമയത്ത് നമമുക്ക് ദൈവം നൽകിക്കൊണ്ടേരിക്കും.

നാം മുഖേന മറ്റുള്ളവർക്ക് യാതൊരുവിധ ദോഷവും ഉണ്ടാകുവാൻ ഇടവരരുതെന്ന് ചിന്തിക്കു കയും, ദൈവത്തോട് പ്രാർത്ഥിക്കുകയും, പ്രർവത്തിക്കുകയും വേണം. അഥവാ പ്രശ്നങ്ങൾ വരാൻ സാധ്യതയുള്ള മേഖലകളിൽ നാം മൗനം പാലിക്കുന്നത് ഏറെ നല്ലതാണ്. ചിന്തിക്കുക വാക്ക്കൊണ്ട് മാത്രം നന്മയുടെ വീട് പണിയുവാൻ കഴിയുകയില്ല. ബലമുള്ള മരംകൊണ്ടോ, പാറകൊണ്ടോ ഭവനം പണിതാൽ ഭവനവും പണിയും നല്ലതായിരിക്കും. നമമുടെ ബലഹീനതകളെ ദൈവകരങ്ങളിൽ ഏൽപ്പിച്ച് പ്രാർത്ഥിക്കണം. എല്ലാം നിനക്കായ് മാത്രം, കർത്താവേ നിന്റെ ഇഷ്ടമായ ദൈവത്തിന്റെ ഇഷ്ടം എന്നിൽ പൂർത്തികരിക്കേണമേ. അതേ നമുക്ക് ദൈവകരങ്ങളിൽ ഏൽപ്പിച്ചുകൊണ്ട് പറയാം. എല്ലാം നിനക്കായ് മാത്രം.

# മാതാപിതാക്കളായിരിക്കണം മക്കൾക്ക് എല്ലാറ്റിനുമെല്ലാം



ഷെറിൻ ഷേർളി സന്തോഷ്

സുഖസൗകര്യങ്ങൾ കൂടുംതോറും മനുഷ്യന്റെ സ്വഭാവരീതികളും മാറി വന്നു കൊണ്ടിരിക്കുന്നു. സ്വഭാവരീതികൾ മാറുന്നതിനിടയിലും മക്കൾക്ക് മാതാപിതാക്കളോടുള്ള സ്നേഹവും, ബഹുമാനവും കുറഞ്ഞുകൊണ്ടിരിക്കുന്നു. ആധുനിക യുഗത്തിൽ ജീവിച്ചുവരുന്ന ഏറെക്കുറെ മനുഷ്യർക്കും എല്ലാ സുഖസൗകര്യങ്ങളും ഉള്ളവരാണ്. ഇന്നത്തെ തലമുറ മാതാപിതാക്കളെക്കാൾ മറ്റുള്ള മനുഷ്യർക്ക് മുൻഗണന കൊടുക്കുന്നു. എന്നാൽ മക്കൾ ചിന്തിക്കേണ്ട ഒരു കാര്യം ഉണ്ട്.

ദുഷ്ടതയും പാപവും നിറഞ്ഞ ഈ ലോകത്തിൽ മക്കളായ നമ്മളെ കളങ്കമില്ലാതെ സ്നേഹിക്കുന്ന രണ്ട് വ്യക്തികളാണ് നമുടെ മാതാവും പിതാവും. നമ്മുടെ ജീവിതത്തിൽ മറ്റുള്ളവർക്കു മുൻഗണനയും സ്നേഹവും മാതാപിതാക്കളെക്കാൾ കൊടുക്കുമ്പോൾ ഒന്ന് ചിന്തിക്കുക! നമ്മൾ ജനിക്കുന്നതിന് മുമ്പ് തന്നെ നമ്മളെ സ്നേഹിച്ച് തുടങ്ങിയവരാണ് നമ്മുടെ മാതാപിതാക്കൾ. അവരെ കണ്ണുനീരീൽ കൊണ്ടെത്തിച്ചിട്ട് ഒരിക്കലും നമ്മൾക്ക് സന്തോഷമായി ജീവിക്കാനും സാധിക്കുകയില്ല.

മക്കളായ നമുക്ക് എന്ത് തെറ്റ് സംഭവിച്ചാലും അത് പറഞ്ഞ് മനസ്സിലാക്കിതരുവാനും, തിരു ത്തുവാനും പൂർണ്ണമായി ക്ഷമിക്കുവാനും മാതാപിതാക്കൾക്ക് മാത്രമേ ഈ ലോകത്തിൽ കഴിയുക യുള്ളു. ദൈവം കഴിഞ്ഞാൽ ദൈവത്തെപ്പോലെ സ്നേഹിക്കാൻ ദൈവം നൽകിയ ഏറ്റവും വലിയ സമ്പത്താണ് നമ്മുടെ മാതാപിതാക്കൾ.

*Every good gift and every perfect gift is from above, coming down from the Father of lights*

GRACE Visual media
Since : 1988
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID *(sabu)*
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# വസ്ത്രധാരണത്തിലും വേണം ദൈവഭക്തി



ജെ. പി. വെണ്ണിക്കുളം

**ഒരു ദൈവപൈതലിനു യോജിച്ച വസ്ത്രം ഏതാണോ അതു മാത്രം ധരിക്കുക. കടുത്ത നിറമുള്ള വസ്ത്രങ്ങൾ ഇഷ്ടപ്പെടുന്നവരുണ്ട്. ഇളം നിറം ഇഷ്ടപ്പെടുന്നവരുമുണ്ട്. എന്നാൽ ആത്മീയ കൂട്ടായ്മകളിൽ പോകുമ്പോൾ കഴിവതും ഇളംനിറമുള്ള വസ്ത്രം തന്നെ തിരഞ്ഞെടുക്കുക.**

എന്റെ പ്രതിദിന വേദധ്യാന ഭാഗങ്ങളിൽ കഴിഞ്ഞ ദിവസം വായിച്ച ഭാഗമാണ് പുറപ്പാട് ഇരുപതാം അധ്യായം. ദൈവം യിസ്രായേൽ മക്കൾക്കു നൽകിയ പത്തു കൽപ്പനകളെക്കുറിച്ച് അവിടെ കാണുന്നു. ഇരുപതാം അധ്യായം വായിച്ച് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ് എന്റെ യാഗപീഠത്തിൽ നിന്റെ നഗ്നത കാണാതിരിപ്പാൻ നീ അതിൽ പടികളാൽ കയറരുത് (വാക്യം 26).

വസ്ത്രധാരണത്തെക്കുറിച്ച് പലപ്പോഴും പലരും എഴുതിയിട്ടുണ്ടെങ്കിലും വീണ്ടും ആവശ്യമാണ് എന്ന് തോന്നുന്നു(ലേവ്യ. 6:8-13)വരെ വാക്യങ്ങളിലും യാഗപീഠത്തിന്റെ അടുക്കൽ വരുന്ന പുരോഹിതന്റെ വസ്ത്രധാരണത്തെക്കുറിച്ച് പറയുന്നു. അതുകൊണ്ട് തന്നെ ഒരിക്കൽ കൂടി എഴുതുകയാണ്. മാറ്റങ്ങൾ അനിവാര്യമായ മേഖലകളെക്കുറിച്ച് ബോധ്യം നൽകുമ്പോൾ അതിനു തയ്യാറാകുകയാണ് നാം ചെയേണ്ടത്. മറ്റുള്ളവരെ കുറ്റപ്പെടുത്തിയതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയില്ല. പ്രസ്തുത, സ്വയം നന്നാവുകയത്രെ വേണ്ടത്.

ഓരോ വ്യക്തികൾക്കും അവരവരുടേതായ വസ്ത്രസങ്കൽപ്പമുണ്ട്. ഓരോ രാജ്യത്തിന്റെയും സംസ്കാരത്തിനനുസരിച്ച് വസ്ത്രം ധരിക്കുക എന്നത് പ്രധാനമാണ്. ആഗോളവത്ക്കരണം ശക്തി പ്രാപിച്ചതോടെ പല രാജ്യങ്ങളിലെയും വസ്ത്രധാരണ സ്ഥിതി മാറി. ഒരു കാലത്ത് നാം ഏതു രാജ്യക്കാരാണെന്ന് നമ്മുടെ വസ്ത്രധാരണം കണ്ട് മറ്റുള്ളവർ നമ്മളെ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. വൈവിദ്ധ്യങ്ങളുടെ ഇന്ത്യാ മഹാരാജ്യത്തിൽ ഓരോ സംസ്ഥാനങ്ങൾക്കും വെവ്വേറെ രീതികളും സംസ്കാരങ്ങളുമാണ്. വിവിധ ഭാഷകൾ സംസാരിക്കുന്നവർ വ്യത്യസ്ത ഭക്ഷണം കഴിക്കു ന്നവർ വ്യത്യസ്ത രീതിയിൽ വസ്ത്രം ധരിക്കുന്നു. എല്ലാ വസ്ത്രങ്ങളും നമ്മൾ പകർത്താൻ പോയാൽ ചിലപ്പോൾ ഒരു പരസ്യ കമ്പനിയായി മറ്റുള്ളവർ നമ്മെ ചിത്രീകരിച്ചേക്കാം. നമ്മുടെ മനസിനും ശരീരത്തിനും ഇണങ്ങിയ വസ്ത്രം നാം തെരഞ്ഞെടുത്ത് ഓരോ നാടിനെയും നാം അതിലൂടെ കാത്തു സൂക്ഷിച്ചു പോരുന്ന സംസ്കാരമുണ്ട്. മലയാളത്തനിമയായ മുണ്ടും സെറ്റുസാരിയും ഒക്കെ വിളിച്ചറിയിക്കുന്നത് കേരളത്തനിമയെതന്നെയാണ്.

എന്നാൽ ഇന്ന് ഈ വസ്ത്രം ധരിക്കുന്നവർ തുലോം ചുരുക്കമാണ്. പ്രത്യേകിച്ച് ഉത്തരഭാരതത്തിലെ പല വസ്ത്രധാരണ രീതികളും നമ്മൾ പകർത്തിയിട്ടുണ്ട്. അതിലുപരി പാശ്ചാത്യ സംസ്കാരം ഇന്നത്തെ സമൂഹത്തെ വല്ലാതെ ഗ്രസിച്ചിട്ടുണ്ട്. തങ്ങളുടെ നഗ്നത മറയ്ക്കുവാനാണോ വസ്ത്രം ധരിക്കുന്നത് എന്നു പോലും ചിന്തിക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. മറ്റാരെയോക്കെയോ ബോധിപ്പിക്കാനായി ഉത്സപറമ്പിൽ ആനയെ എഴുന്നള്ളിക്കും പോലെ പരസ്യപ്രദർശന വസ്തുവായി വസ്ത്രം ധരിക്കുന്നവർ പലരും തീർന്നു കഴിഞ്ഞു. ലോകമനുഷ്യൻ പോലും തോറ്റുപോകുന്ന തരത്തിലുള്ള വസ്ത്രധാരണമാണ് ഇന്നത്തെ ആത്മീയരുടേത്. ആത്മീയ ആരാധനയിലേക്ക് പോകുന്നു എന്ന ചിന്തനഷ്ടപ്പെട്ടു. ദൈവഭയമില്ലാത്ത ഒരു സമൂഹം വളർന്നുകൊണ്ടിരിക്കുകയാണ്. ദൈവാലയത്തിലേക്ക് പോകുന്നതെന്ന ചിന്തയും വസ്ത്ര ധാരണവും തമ്മിൽ എന്തു ബന്ധം എന്നു ചോദിക്കുന്നവരുണ്ടാകാം. ആദ്യം ഓർമ്മിപ്പിച്ച വാക്യങ്ങൾ നൽകുന്ന സൂചന മറക്കരുത്, യാഗസ്ഥലം നഗ്നത പ്രദർശിപ്പിക്കാനുള്ള സ്ഥലമല്ല. ആരാധന നടത്തുന്ന പുരോഹിതനാകട്ടെ, പാസ്റ്ററാകട്ടെ നഗ്നത പ്രദർശിപ്പിച്ച് അതിനോടടുത്ത് വരാൻ പാടില്ല. ലേവ്യ 6 -ാം അധ്യായത്തിൽ ആദ്യം ഉദ്ധരിച്ച വാക്യത്തിൽ ''തന്റെ നഗ്നത മറച്ചുകൊണ്ട്'' യാഗപീഠത്തിന്റെ അടുക്കലേക്ക് പുരോഹിതൻ വരണം എന്നു വായിക്കുന്നു. അടിവസ്ത്രങ്ങൾ പ്രദർശിപ്പിക്കാനല്ലല്ലോ ബാഹ്യവസ്ത്രങ്ങൾ ധരിക്കുന്നത്. ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കാനുമല്ല വസ്ത്രം ധരിക്കുന്നതെന്ന് തിരിച്ചറിയുക. ഇതു ആദ്യം മാതാപിതാക്കൾ അറിയണം. മാതാപിതാക്കൾ ഒരു മാതൃകയാണെങ്കിൽ നിങ്ങളുടെ തലമുറകളും അത് അനുകരിക്കുവാൻ ഇടയാകും. മാതാപിതാക്കൾ 'ഫാഷൻ പരേഡിനു' പിന്നാലെ പോകുന്ന വ്യക്തിയാണേൽ കുട്ടികൾ തെറ്റിപ്പോയാലും അത്ഭുതപ്പെടാനില്ല.

ഒന്നാമതായി, നാം ആരെന്ന് മനസ്സിലാക്കണം. ലോകക്കാരെപ്പോലെ എന്തും ഏതും കാണിക്കാൻ ആഗ്രഹിക്കുന്നവരാണ് നാം എങ്കിൽ ഈ വേഷം കെട്ടലുകൾ ആർക്ക്വേണ്ടി? ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഇറങ്ങിത്തിരിച്ച നാം ഇപ്പോൾ ഈ ചെയ്യുന്നത് എല്ലാം ആർക്ക്വേണ്ടി? ഇറുകിയ വസ്ത്രങ്ങളും 'ലോവേസ്റ്റ്' വസ്ത്രങ്ങളുമൊക്കെധരിച്ച് ആലയത്തിലേക്ക് പോകാൻ ലജ്ജയില്ലേ? 'ലജ്ജയായതിൽ മാനം തോന്നുന്നു' എന്നു പറയുന്നത് ഇങ്ങനെയുള്ളവരെക്കുറിച്ചാണ്. ആർക്കും ആരെയും ചോദ്യം ചെയ്യാനാവില്ല എന്നു വന്നിരിക്കുന്നു. ഭർത്താവിന് ഭാര്യയെയും ഭാര്യയ്ക്ക് ഭർത്താവിനെപ്പോലും പലർക്കും തങ്ങളുടെ കുടുംബബന്ധങ്ങൾ തകരാതിരിക്കേണ്ടതിന് മൗനം പാലിക്കുന്നു. വീട്ടിൽ മാതൃകയാകേണ്ട മാതാപിതാക്കൾ തോന്നിയ പോലെ വസ്ത്രം ധരിക്കുകയാണെങ്കിൽ കുട്ടികൾ നിശ്ചയമായും അതിലും അധികം ചെയ്യും. അങ്ങനെയുള്ളവരെ തിരുത്തുവാൻ മാതാപിതാക്കൾക്ക് കഴിയില്ല. ആലയത്തിലേക്ക് എന്നല്ല ഏതു പൊതുപരിപാടിയിൽ പങ്കെടുത്താലും ദൈവപൈതൽ എന്ന മനുഷ്യനെ നഷ്ടപ്പെടുത്തരുത്. മറ്റുള്ളവർക്ക് ഒരു അപവാദം പറയുവാൻ അവസരം ഉണ്ടാക്കരുത്. പറയുന്നവർ എന്തും പറയട്ടെ അതിന് എനിക്കെന്താ എന്ന ചിന്ത ധിക്കാരമാണ്. എന്നു കരുതി 'പർദ്ദ' പോലെയുള്ള വസ്ത്രം ധരിക്കണമെന്നല്ല, ഒരു ദൈവപൈതലിനു യോജിച്ച വസ്ത്രം ഏതാണോ അതു മാത്രം ധരിക്കുക. കടുത്ത നിറമുള്ള വസ്ത്രങ്ങൾ ഇഷ്ടപ്പെടുന്നവരുണ്ട്. ഇളം നിറം ഇഷ്ടപ്പെടുന്നവരുമുണ്ട്. എന്നാൽ ആത്മീയ കൂട്ടായ്മകളിൽ പോകുമ്പോൾ കഴിവതും ഇളംനിറമുള്ള വസ്ത്രം തന്നെ തിരഞ്ഞെടുക്കുക. ഞായറാഴ്ചകളിൽ മിക്ക സഭകളിലും വെള്ളവസ്ത്രം നിർബന്ധമാക്കിയിട്ടുള്ളത് അഭികാമ്യം. ഇത് പാസ്റ്റർമാർ നിർബന്ധിച്ചിട്ട് ചെയ്യേണ്ടതല്ല, സ്വയം തിരിച്ചറിവും ബോധ്യവുമായി ചെയ്യേണ്ടതാണ്. വസ്ത്രത്തിൽ അൽപം മുഷിവ് ഉണ്ടായിട്ട് യോശുവയുടെ വസ്ത്രത്തിൽ പിശാച് കണ്ണുവച്ചു എന്നു വായിക്കുന്നുണ്ട് (സെഖ 3 : 1 മുതൽ) എന്നാൽ നിമിഷ നേരം കൊണ്ടുതന്നെ യഹോവയായ ദൈവം അവനെ ഉത്സവ വസ്ത്രം ധരിപ്പിച്ചു. നിസ്സാര കാരണങ്ങൾ പോലും കണ്ടുപിടിച്ച് കുറ്റം ചുമത്തുവാൻ തക്കം പാർത്തിരിക്കുന്നവനാണ് പിശാച്. അപ്പോൾ നാം എത്രയധികം ജാഗ്രത പാലിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ശുശ്രൂഷകന്മാർക്കും ഇതു ബാധകമാണ്.

ഇറുകിയ വസ്ത്രങ്ങൾ ധരിക്കുന്നതും ഷർട്ട് ഇൻസേർട്ട് ചെയ്യുന്നതും പല പെന്തക്കോസ്തു സഭകളും ശുശ്രൂഷന്മാരോടുള്ള ബന്ധത്തിൽ വിലക്കിയിട്ടുണ്ട്. ജൂബാ പോലെയുള്ള വസ്ത്രം നല്ലതാണ്. സ്ലീവ്ലെസ് വസ്ത്രങ്ങൾ ധരിച്ച് ആരാധനാ യോഗങ്ങളിൽ പോകാതിരിക്കാൻ ശ്രദ്ധിക്കണം. നിങ്ങളുടെ കക്ഷമോ, വയറോ, മറ്റു ഭാഗങ്ങളോ മറ്റുള്ളവർ കാണാൻ ഇടയാകരുത്. വിവാഹിതരായവർ പ്രത്യേകിച്ച് ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. വിവാഹം കഴിഞ്ഞതുകൊണ്ട് എന്തും ചെയ്യാനുള്ള ലൈസൻസ് ആയി എന്ന ചിന്ത ശരിയല്ല. ദൈവാലയം വസ്ത്രധാരണപ്രദർശന ഇടമല്ല എന്ന് ഓർക്കുന്നത് നന്ന്.

കഴിയുമെങ്കിൽ വ്യതന്മാരെയും തെറ്റിക്കുവാൻ പിശാച് ശ്രമിക്കും എന്നു പറയുന്നത് ഈ വിഷയത്തോടുള്ള ബന്ധത്തിലും വളരെ യോജിക്കുന്നു. ശുശ്രൂഷകന്മാർക്ക് മുന്നിൽ ചെന്നിരിക്കുന്ന കൗമാരക്കാർ സ്ലീവ്ലെസും ഇറുകിയ വസ്ത്രവും മുട്ടിനു താഴെ കാണുന്നതുമായ വസ്ത്രം ധരിച്ച് പോകാതിരിക്കുക. അപരന്റെ കണ്ണ് നിന്നിലേക്ക് വീഴുവാൻ അവസരം ഉണ്ടാക്കരുത്. അറിഞ്ഞുകൊണ്ട് മറ്റുള്ളവരെ പാപം ചെയ്യിക്കരുത്. നിന്റെ വസ്ത്രധാരണം നിമിത്തം മറ്റൊരാൾ പാപം ചെയ്താൽ നീയും കുറ്റക്കാരനാണ്. സ്ത്രീയെന്നോ പുരുഷനെന്നോ ഇവിടെ വ്യത്യാസമില്ല. എല്ലാവരും ഇക്കാര്യം ശ്രദ്ധിക്കണം. പ്രത്യേകിച്ച് നിങ്ങളുടെ തലമുറകളുടെ കാര്യത്തിൽ എപ്പോഴും ജാഗ്രത വേണം. കൗമാ രക്കാരായ മക്കളെ പ്രത്യേകം ശ്രദ്ധിക്കുക. അവരുടെ പ്രായം അതാണ്. പിടിവിട്ടുപോയാൽ എല്ലാം തകർന്നില്ലേ? ഗുണദോഷങ്ങൾ നൽകേണ്ട മേഖലകളിൽ നൽകണം. ശരിയും തെറ്റും ബോധ്യപ്പെടു ത്തണം. പതിയിരിക്കുന്ന ചതിക്കുഴികൾ ശ്രദ്ധയിൽപ്പെടുത്തുക. എതിരാളിക്ക് അപവാദം പറയുവാൻ ഇടയുണ്ടാകാത്ത മാന്യവ്യക്തിത്വങ്ങൾക്ക് ഉടമകളായി നമുക്ക് മാറാം. ദൈവഭക്തിയാൽ തങ്ങളെത്തന്നെ അലങ്കരിച്ച സ്ത്രീകളെക്കുറിച്ച് ബൈബിൾ പറയുന്നുണ്ട്. അവരെ മാതൃകയാക്കാം.

# കരുണയുടെ കരം

എറണാകുളം ജില്ലയിൽ പുതുവൈപ്പിൻ താമസിക്കുന്ന സീമ (36) യുടെ അനുഭവങ്ങൾ ലാൻഡ് വേ ന്യൂസ് പേപ്പർ വഴി നല്ലവരായ വായനക്കാരുടെ മുൻപിൽ സമർപ്പിക്കുന്നു. വളരെ പാവപ്പെട്ട കുടുംബങ്ങളിലെ 4 മക്കളിൽ ഇളയവളാണ് സീമ. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും വളരെ മിടുക്കിയായിരുന്നു. ചെറുപ്പത്തിലേ കഥകളും കവിതകളും എഴുതി തുടങ്ങിയ സീമ അദ്ധ്യാപകർക്കും സഹപാഠികൾക്കും വളരെ പ്രിയപ്പെട്ടവൾ ആയിരുന്നു. നല്ല നിലയിൽ വിദ്യാഭ്യാസം നേടിയ സീമ പെട്ടെന്നു വളരെ നല്ല ഒരു ജോലിയും നേടി. ചേച്ചിമാരുടെ വിവാഹം നല്ല രീതിയിൽ നടത്തുവാനും കഴിഞ്ഞു. പ്രായമായ അച്ഛനും അമ്മയ്ക്കും ഒപ്പം വളരെ ശാന്തമായി ജീവിതം മുൻപോട്ടു പൊയ്ക്കൊണ്ടിരുന്നു. എന്നാൽ ഇടയ്ക്കിടയ്ക്ക് ഉണ്ടാവുന്ന വയറുവേദനയും ശർദ്ദിയും സീമയെ വല്ലാതെ ബുദ്ധിമുട്ടിച്ചു.

വിദഗ്ദ്ധ ചികിത്സയ്ക്കായി എറണാകുളത്ത് ഒരു സ്വകാര്യ ആശുപത്രിയിൽ ചെന്നപ്പോഴാണ് താനൊരു ക്യാൻസർ പേഷ്യന്റ് ആണെന്ന അറിയുന്നത്. ശാന്തമായി പൊയ്ക്കൊണ്ടിരുന്ന ആ ജീവിതം പെട്ടെന്നാണ് താളം തെറ്റിയത്. പിന്നെ അവിടെ നിന്നും തിരുവനന്തപുരം ആർ.സി.സിയുടെ സ്നേഹ പരിപചരണങ്ങളിലേക്ക് ജീവിതം പറിച്ചു നടപ്പെട്ടു. അങ്ങനെ 2009 മുതൽ ആർ.സി.സിയിൽ ബ്ലഡ് ക്യാൻസറിന് ചികിത്സയ്ക്ക് വിധേയയായി ഒരു സർജ്ജറിയും കഴിഞ്ഞു. മജ്ജയും മാറ്റി കീമോ തെറാപ്പിയും ചെയ്തു. അസ്ഥികൾ ഞുരുങ്ങുന്ന വേദന. നാഡി ഞരമ്പുകളിൽ കീമോയുടെ വൈദ്യുത പ്രവാഹം വേദനയുടെ നാളുകൾ ഇടതൂർന്നു വളർന്ന സമൃദ്ധമായ മുടികൾ കൊഴിഞ്ഞു പോയിരിക്കുന്നു. കൈകാലുകളുടെ ബലഹീനത പൊരുത്തപ്പെടുവാൻ നാളുകൾ എടുത്തു. വീണ്ടും ചില ലക്ഷണങ്ങൾ കണ്ടു തുടങ്ങി 2011 ൽ വീണ്ടും തിരുവനന്തപുരം ആർ.സി.സി യിലേക്ക് ചികിത്സിച്ചു കീമോയും എടുത്തു. ഏക ആശ്രമായിരുന്ന അച്ഛൻ സ്ട്രോക്കു വന്നു മരിച്ചു. ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ നിമിഷങ്ങൾ, പ്രായമായ അമ്മ, ജീവിതം വഴിമുട്ടിയ നിമിഷങ്ങൾ, നല്ലവരായ സുഹൃത്തുക്കൾ പകർന്നു നൽകിയ ധൈര്യം എല്ലാത്തിനെയും നേരിടാൻ ശക്തിയായി.

2013 ൽ അസുഖം മൂന്നാമത്തെ സ്റ്റേജിൽ എത്തി സീമയെ വീണ്ടും തളർത്തി. ഈ പ്രാവശ്യം കോട്ടയം മെഡിക്കൽ കോളേജിലേക്ക്. രണ്ടാമത്തെ സർജ്ജറിയും മജ്ജ പരിശോധനയും ചെയ്ത് കിടപ്പിലായി.



എറണാകുളത്ത് കീമോതെറാപ്പിയും എടുത്തു. ഇതിനോടകം 19 കീമോതെറാപ്പി ചെയ്തു. മരുന്നുകൾ റിജക്റ്റ് ചെയ്യുവാൻ തുടങ്ങി. ഇപ്പോൾ മാസത്തിൽ ഒരു തവണ രക്തം കയറ്റണം. മറ്റ് ചെക്കപ്പുകൾ വേറെയും, ലിവർ സ്പ്ലീൻ എന്നിവയിൽ ബാധിച്ചു കൊണ്ടിരിക്കുന്നു. കണ്ണിന്റെ കാഴ്ചകൾ മങ്ങുന്നു.

ഇത്രയും വർഷം ആരോടും സഹായം ചോദിച്ചില്ല. അറിയാവുന്ന സുഹൃത്തുക്കൾ നൽകുന്ന സഹായം സഹോദരിമാർ നൽകുന്ന കാരുണ്യം ഇവിടെ വരെ എത്തി നിൽക്കുന്നു. പക്ഷേ ഇപ്പോൾ ഈ മനസ്സ് വേദനിക്കുന്നു; ഇതുവരെ സംഭരിച്ച ധൈര്യം ചോർന്നു പോകുന്നു. കാരണം ഏക ആശ്രയമായിരുന്ന അമ്മയ്ക്ക് പ്രഷർ കൂടി വീണു നടക്കാൻ വയ്യാതായിരിക്കുന്നു. അമ്മ അയൽവീടുകളിൽ പണിയെടുത്തും പശുവളർത്തിയുമാണ് ഇത്രയും നാൾ പിടിച്ചുനിന്നത്. വയ്യാത്ത അമ്മയെ കാണുമ്പോൾ തനിക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്ന് വിതുമ്പുന്നു. ഇന്നവളുടെ കരൾ കുറേശ്ശെയായി നശിച്ചു കൊണ്ടിരിക്കുന്നു. പലവിധ രോഗങ്ങൾ അവളെ പിടികൂടുന്നു. മാസാമാസം രക്തം മാറണം.

സോഷ്യൽ മീഡിയയായ ഫേസ്ബുക്കു വഴി സ്നേഹ സാന്ത്വനം എന്ന ഗ്രൂപ്പിൽ കൂടെയാണ് എനിക്കു സീമയെ അറിയാൻ ഇടയായത്. സീമയ്ക്കു അമ്മയ്ക്കു മാനസികമായും ശാരീരികമായും ബുദ്ധിമുട്ടുള്ളതിനാൽ ഫോൻ കോൾ എടുക്കുവാൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോൾ ഉള്ളത് ആയതിനാൽ കൂടുതൽ വിവരങ്ങൾ അറിയാൻ ഞങ്ങളെ വിളിക്കുവാൻ അപേക്ഷിക്കുന്നു.

ഈ കുട്ടിക്കുവേണ്ടി നമ്മുക്ക് ഒരിക്കൽ കൂടി കൈകോർക്കാമോ?. പലസമയങ്ങളിലും അവശത അനുഭവിക്കുന്നവരെയും, ആലംബഹീനരെയും, പുതുജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ നല്ലവരായ സുഹൃത്തുക്കളെ സീമയ്ക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം, നിങ്ങളാൽ കഴിയുന്ന സഹായം ചെയ്യണം എന്ന് വളരെ വിനീതമായി അപേക്ഷിക്കുന്നു.

*സ്നേഹപൂർവ്വം,*
*ലാൻഡ്‌വേ ന്യൂസിനു വേണ്ടി ജുബൈലിൽ നിന്നും:*
**ഷിബു പായിപ്പാട്**
Mob/whatsApp: +966506613713
Email: shibupaippad@gmail.com

# യുവ എഴുത്തുകാരനും ക്രൈസ്തവ എഴുത്തുപുരയുടെ സ്ഥാപകനും ചീഫ് എഡിറ്ററുമായ ഫിന്നി കാഞ്ഞങ്ങാടുമായുള്ള മുഖാമുഖത്തിൽ അൽപനേരം

സന്തോഷ് പന്തളം

### മാതാപിതാക്കളും ബാല്യകാലവും

1983 നവംബർ ഒന്നാം തീയതി പാസ്റ്റർ ഫിലിപ്പ്കുട്ടി – റോസമ്മ ദമ്പതികളുടെ മക്കളിൽ ആൺ പൈതലായി ഫിന്നി ജനിച്ചു. പിതാവ് കർത്താവിന്റെ വേലയിൽ ആയിരുന്നതിനാൽ വളരെയേറെ പ്രയാസങ്ങൾ താൻ നിഴലിടേണ്ടി വന്നിട്ടുണ്ട്. തന്റെ സഹോദരി ഫേബയും താനും പലപ്പോഴും ഞെരുക്കത്തിൽക്കൂടി കടന്നുപോയിട്ടുള്ള സന്ദർഭങ്ങൾ ഇപ്പോഴും ഇവർ ഓർക്കുന്നു. സുവിശേഷ വേലയിൽ നിന്നും കിട്ടുന്ന ദൈവീക നന്മകൊണ്ട് ജീവിതം നയിക്കുവാനുള്ള പ്രയാസമുണ്ടായിരുന്നു വെങ്കിലും തന്റെ പിതാവും മാതാവും മക്കളെ വളരെ അനുഗ്രഹത്തിന്റെ പാതയിൽക്കൂടി നടത്തുകയും സത്യസുവിശേഷത്തിന്റെ വാഗ്ദാക്കളാകണമെന്നു അവർ ചിന്തിച്ചു. ഫിന്നി എന്ന യുവഎഴുത്തുകാരനെ വിശ്വാസസമൂഹത്തിന് അനുഗ്രഹമാകാൻ തന്റെ മാതാപിതാക്കൾ വളരെ പ്രയാസപ്പെട്ട് ദൈവ ഭയിലൂടെ നടത്തുകയുണ്ടായി എന്നത് വളരെ സത്യമായ കാര്യമാണ്.

അന്ന് അധികം സുവിശേഷവെളിച്ചം എത്തിയിട്ടില്ലാത്തതുമായ ഒരു സ്ഥലമായിരുന്നു കാസർഗോഡ് ജില്ലയിലെ മലയോരപ്രദേശമായ കാഞ്ഞങ്ങാട്. തന്റെ പിതാവിന് ദൈവം നൽകിയ ആത്മീയ ദർശനപ്രകാരം മദ്ധ്യതിരുവിതാംകൂറിൽ നിന്നും കാഞ്ഞങ്ങാട്ടേക്ക് യാത്രതിരിച്ചു. ആരു സഹായിക്കുമെന്നോ, എവിടെ താമസിക്കുമെന്നോ, തനിക്കൊരു നിഗമനവുമില്ലാത്ത ഒരു യാത്ര. അബ്രഹാമിനെ ദൈവം വിളിച്ചിറക്കിയപ്പോൾ ഞാൻ നിന്നെ 'കാണിപ്പാനിരിക്കുന്ന ദേശത്തേക്ക്' കൊണ്ടു പോകുന്നുവെന്നതുപോലെ ദൈവവിളിയുടെ മുമ്പിൽ ശിരസ്സുവഹിച്ചുകൊണ്ട് പാസ്റ്റർ ഫിലിപ്പ്കുട്ടി യാത്രയായി. ഏറെ കഷ്ടപ്പെട്ട് കർത്താവിന്റെ വചനമെന്ന വിത്ത് ആ ദേശത്ത് വാരി വിതറി. തന്റെ ഭാര്യ റോസമ്മയുടെ സ്നേഹവും കൂട്ടായ്മയും വേദനയുടെയും പ്രതികൂലത്തിന്റെയും വഴികളിലും തനിക്ക് ആശ്വാസം പകർന്ന് ദൈവവേലയിൽ തന്നോടൊപ്പം കരംപിടിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഇവർക്ക് രണ്ടുമക്കളെ ദൈവദാനം നൽകി. ഫിന്നി, ഫേബ. മക്കളെ കർത്താവിന്റെ വേല യ്ക്കു വേണ്ടി പ്രാപ്തരാക്കുകയും ഈ ലോകവിദ്യാഭ്യാസത്തിലും ദൈവവചനത്തിലും അവർക്ക് ഉറപ്പും ധൈര്യവും പകർന്നു കൊണ്ടിരുന്നു. മകൾ ഫേബ വിവാഹിതയാണ്. കുടുംബമായി ബഹ്റനിൽ ജോലിയോടുള്ള ബന്ധത്തിൽ ഇപ്പോൾ ആയിരിക്കുന്നു.

### ഫിന്നിയുടെ വിദ്യാഭ്യാസം

ചെറിയ ഗ്രാമപ്രദേശമായ സ്ഥലത്ത് വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. ഒന്നാം ക്ലാസു മുതൽ 10 ക്ലാസുവരെയുള്ള പ്രാഥമിക വിദ്യാഭ്യാസം 9 വിദ്യാലയങ്ങളിലായി പൂർത്തീകരിച്ചു. സ്ക്കൂൾതലങ്ങളിലായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ആക്റ്റീവായി. എല്ലായിടങ്ങളിലും ഫിന്നി രാഷ്ട്രീയത്തിൽ മുമ്പന്തിയിൽ ആയിരുന്നു വെന്ന് പറയുന്നതാണ് യഥാർത്ഥ ശരി. കോളേജ് വിദ്യാഭ്യാസം പൂർത്തീകരിച്ചു. നടത്തിയ ദൈവത്തിന്റെ വഴി എത്ര അഗോചരമെന്ന് താൻ ഇപ്പോഴും ചിന്തിക്കുന്നു. നശിച്ചുപോകേണ്ട എത്രയെത്ര സാഹചര്യങ്ങൾ തന്റെ മുമ്പിലുണ്ടായിരുന്നു



ഫിന്നി കാഞ്ഞങ്ങാട്



സന്തോഷ് പന്തളം

എങ്കിലും ദൈവം സൂക്ഷിച്ചു എന്നതാണ് പറഞ്ഞറിയിക്കാൻ പറ്റാത്ത ദൈവസ്നേഹം.

### ആത്മീയ പാന്ഥാവിലേക്ക് തിരിയുന്നു

1993 നവംബർ പതിനൊന്നാം തീയതി ദൈവവചനം കേട്ട് രക്ഷിക്കപ്പെട്ടു. 2000 ഫെബ്രുവരി 16ന് പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ചു. 2000 ജൂലൈ 25 ന് സ്നാനപ്പെട്ടു. താൻ തികഞ്ഞ ആത്മീയ പൈതൃകത്തിന് അടിസ്ഥാനമിട്ടു. ചില വർഷങ്ങൾ ദൈവഹിതത്തിനായി പ്രാർത്ഥനയോടെ ദൈവ മുഖത്ത് നോക്കിക്കൊണ്ടിരുന്നു. അങ്ങനെ മറ്റൊരു വഴിയിലേക്ക് ദൈവാത്മാവ് തന്നെ നയിക്കു വാൻ തുടങ്ങി.

### ബൈബിൾ പഠനത്തിനായി സെമിനാരിയിൽ പോകുന്നു

മദ്ധ്യതിരുവിതാംകൂറിലെ അടൂർ മണക്കാലയിലുള്ള ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി യിൽ 2002– ൽ ആറ്‌വ പഠിക്കുവാനായി കടന്നുപോയി. ചെറുപ്രായത്തിലെ എഴുത്തുകളോടും വായന യോടും അതിയായ ആഗ്രഹമുള്ളതിനാൽ സെമിനാരിയിൽ പഠിക്കുമ്പോൾ തന്നെ ക്രൈസ്തീയ, സെക്കുലർ മാസികകളിലും ആനുകാലികങ്ങളിലും എഴുതിക്കൊണ്ടിരുന്നു. സെമിനാരി വിദ്യാഭ്യാസത്തിന്റെ അവസാന വർഷം സെമിനാരി മാഗസിന്റെ എഡിറ്ററായി പ്രവർത്തിക്കുവാൻ അവസരം ഉണ്ടായി ആ സമയം തന്റെ കൂട്ടുകാരൻ സിബു (കരുനാഗപ്പള്ളി) വുമായി ബൈക്കിൽ യാത്ര ചെയ്യുമ്പോൾ ഓച്ചിറക്കടുത്തു വെച്ച് മറ്റൊരു വണ്ടിയുമായി തന്റെ വാഹനം കൂട്ടിയിടിച്ചു. തന്റെ കാൽമുട്ട് തകർന്ന് ചില നാളുകളോളം കിടപ്പിലായി. എങ്കിലും ദൈവവചനം പഠിക്കുവാനുള്ള അവസരം ദൈവം നൽകി. കോഴ്സ് പൂർത്തീകരിച്ചു. ദൈവത്തെ എത്ര സ്തുതിച്ചാലും മതി വരികയില്ല.

2009 – ൽ ഡെറാഡൂൺ ന്യൂ തിയോളജിക്കൽ കോളേജിൽ ബി.ഡി പഠനത്തിനായി ദൈവം സാവകാശം നൽകി. തന്റെ ഹൃദയത്തിലെ അതിയായ ആഗ്രഹമായിരുന്നു. തുടർവിദ്യാഭ്യാസം ചെയ്യണമെന്നും അനേകം നാളുകളിലെ പ്രാർത്ഥനയുടെ ഭാഗമായി ദൈവം ബി.ഡി പൂർത്തീകരി ക്കുവാൻ അവസരവും നൽകിയ ദൈവം എത്ര വിശ്വസ്തൻ എന്ന് താൻ ഇപ്പോഴും ചിന്തിക്കുന്നു.

### മാധ്യമരംഗത്തെ തന്റെ കാൽവയ്പ്പുകൾ

വളരെ ചെറിയ കാലഘട്ടം മുതൽതന്നെ മാധ്യമരംഗത്തോടു തനിക്ക് വളരെ ആഗ്രഹമായിരുന്നു. 18 വർഷത്തിന് മുമ്പ് മലബാർ മെസ്സിൽ 'മടങ്ങിവരവ് നമുക്കാവശ്യം' എന്ന ഒരു കഥയോടുകൂടിയാണ് മാധ്യമരംഗത്തേക്കുള്ള തന്റെ കാൽവപ്പ് തുടങ്ങിയത്. അതിന് ശേഷം യൗവന ക്കാർക്ക് വേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള ആഗ്രഹപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കൊല്ലത്ത് ICPF – ൽ സ്റ്റാഫായി താൻ പ്രവർത്തിക്കുമ്പോൾ അവിടെ കോളേജിൽ പഠിച്ചിരുന്ന ഒരു പെൺകുട്ടി കുത്തേറ്റ് മരിച്ചു. ഈ വാർത്ത പത്രമാദ്ധ്യമങ്ങളിൽ താൻ വായിച്ചപ്പോൾ യൗവനക്കാരുടെ ഇടയിലുള്ള ഈവിധ പെരുമാറ്റങ്ങൾക്കും ചിന്തകൾക്കും മാറ്റം ഉണ്ടാകുവാൻ യുവജനങ്ങളിലേക്ക് താൻ തൂലികയുമായി തിരിയുകയായിരുന്നു. ഈ കാലഘട്ടങ്ങളിൽ യുവജനങ്ങളുടെ ഇടയിലേക്കുള്ള എഴുത്തുകൾ കുറവായതിനാൽ മിക്കപേരും പാപത്തിലേക്കും തെറ്റായ സാഹചര്യങ്ങളിലേക്കും തെറ്റിപ്പോകുന്നതായി തനിക്ക് ചിന്തിക്കുവാൻ കഴിഞ്ഞു.

ഈ കാരണങ്ങളെയെല്ലാം മുൻപിൽ കണ്ടുകൊണ്ട് യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് എഴുതുവാൻ തുടങ്ങി. ഇതിനോടുള്ള ബന്ധത്തിൽ സമൂഹത്തിൽ നിന്നും വലിയ പ്രതികരണങ്ങൾ തനിക്ക് ലഭിച്ചിട്ടുണ്ട്. മാത്രമല്ല തന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ യുവജനങ്ങൾ അനേകം പേർ രക്ഷിക്കപ്പെട്ടിട്ടുണ്ട്. കാസർക്കോട് ജില്ലയിലെ യുവജനങ്ങളുടെ ആത്മീയ വളർച്ചക്ക് സഹായമാകുന്ന ക്യാമ്പുകൾ, സെമിനാറുകൾ നടത്തിട്ടുണ്ട്. അതിൽ പലപ്പോഴും പങ്കെടുക്കുവാനും ക്ലാസുകൾക്ക് നേതൃത്വം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. അനേകം യൗവനക്കാർ ഈ മീറ്റിംഗിൽ കൂടി രക്ഷിക്കപ്പെട്ടിട്ടുമുണ്ട്. ഇതെല്ലാം മറക്കാൻ പറ്റാത്ത സംഭവങ്ങൾ തന്നെയാണ്.

### തന്റെ കുടുംബത്തെക്കുറിച്ച് ചില വാക്കുകൾ

പത്തനംതിട്ട ജില്ലയിൽ കുമ്പനാടിനടുത്ത് മാലേപറമ്പിൽ രാജു – ലിസി ദമ്പതികളുടെ മകൾ ലിറ്റിയെ 2013 മാർച്ചിൽ ജീവിതസഖിയായി ദൈവം നൽകി കുടുംബജീവിതം ആരംഭിച്ചു. ഇവരുടെ കുടുംബജീവിതത്തിൽ ദൈവം രണ്ടു മക്കളെ നൽകി മാനിച്ചു. തന്റെ ഭാര്യയും മക്കളും ഇപ്പോൾ ബഹ്റനിൽ തന്നോടൊപ്പം താമസിച്ച് കർത്താവിന്റെ വേലയിലും ഭാഗികമായി ജോലിയിലും പങ്കാളികളാകുന്നു.

ആത്മീയകാര്യങ്ങൾക്ക് ബഹ്റിൻ ശാരോൺ സഭയുടെ അംഗമായി കടന്നു പോകുകയും തങ്ങളാൽ കഴിയുന്ന നിലകളിൽ കർത്താവിന് വേണ്ടി പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ബഹ്റിൻ ശാരോൺ സഭയുടെ യുവജന വിഭാഗമായ Christian Evangelical Movement – ൻെറ Vice President ആയി പ്രവർത്തിക്കുന്നു.

ഫിന്നി കാഞ്ഞങ്ങാടുമായി മുഖാമുഖമായിട്ടുള്ള ചില ചോദ്യങ്ങൾ

### 1) ഭാവിചിന്തകൾ എന്തൊക്കെയാണ്?

ഇനിയും തുടർന്ന് വേദശാസ്ത്രപഠനം ചെയ്യണമെന്ന് ആഗ്രഹമുണ്ട്. പുതിയ പുസ്തകങ്ങൾക്ക് തുടക്കം കുറിക്കണം. ഇപ്പോൾ ഫാമിലി ലൈഫിനെക്കുറിച്ച് ഒരു പുസ്തകം എഴുതുന്നു. ടീനേജിന്റെ ജീവിതത്തിൽ വരുന്ന ഇഷ്യൂസിനെക്കുറിച്ചും ചില പുസ്തകങ്ങൾ എഴുതാൻ ആഗ്രഹമുണ്ട്. കഴിഞ്ഞ നാളിൽ പ്രസിദ്ധീകരിച്ച ഒരു പുസ്തകം ഇംഗ്ലീഷിലേക്ക് പരിവർത്തനം ചെയ്ത് പുറത്തിറക്കണമെന്ന ആഗ്രഹവും നിലവിലുണ്ട്. യുവജനങ്ങളുടെയും, കൗമാരക്കാരുടെയും, മാതാപിതാക്കളുടെയുംവരെ പ്രസിദ്ധി നേടിയ 'പ്രണയത്തിന്റെ നേർക്കാഴ്ച്ചകൾ' എന്ന പുസ്തകവും കുട്ടികളുടെ ഇടയിലെ ശുശ്രൂഷകന്മാരെ പരിശീലിപ്പിക്കാനായി 'ബാലസുവിശേഷീകരണത്തിന് ഒരു മാർഗദർശി' എന്ന പുസ്തകവും എഴുതിട്ടുണ്ട്.

### 2) 'ക്രൈസ്തവ എഴുത്തുപുര' എന്ന നാമത്തിൽ താങ്കൾ ഒരു മാധ്യമം നടത്തുന്നുവല്ലോ, എന്ത് കൊണ്ടാണ് വ്യത്യസ്തമായ ഈ പേര് ഇട്ടത്? ക്രൈസ്തവ എഴുത്തുപുര ആരംഭിക്കുവാനുള്ള കാരണം എന്ത്?.

എന്റെ എഴുത്തിന്റെ തുടക്കസമയത്ത് ഉപദേശം നൽകുവാനോ പ്രോത്സാഹിപ്പിക്കുവാനോ ആരുമില്ലായിരുന്നു എന്നാൽ ഇപ്പോഴുള്ള പുതുമുഖ എത്തുഴുകാർക്ക് നിരവധി അവസരം ലഭിക്കുന്നുണ്ട്. പുതുമുഖ എത്തുഴുകാരെയും, ഗാനരചിതാക്കളെയും, പാട്ടുകാരെയും മുൻനിരയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രവർത്തനമാണ് ക്രൈസ്തവ എഴുത്തുപുര എന്ന മാധ്യമം. 'പുര' എന്നതുകൊണ്ട് വീട് എന്നതാണല്ലോ ഉദ്ദേശിക്കുന്നത്. ഈ വീടിനകത്ത് വലിയവരും ചെറിയവരും ഉണ്ടാകട്ടെ. ചെറിയ എഴുത്തുകാർക്കും വലിയ എഴുത്തുകാർക്കും ഒരുമിക്കുവാനുള്ള വേദിയായിട്ട് ഇതിനെ കാണുന്നു. അതുകൊണ്ടാണ് 'ക്രൈസ്തവ എഴുത്തുപുര' എന്ന പേര് ഇടുവാൻ കാരണമായത്.

### 3) ഏതൊക്കെ സ്ഥാനങ്ങളിൽ താങ്കൾ നേതൃത്വം വഹിച്ചിട്ടുണ്ട്/ ഇപ്പോൾ വഹിക്കുന്നുണ്ട്?

a. ക്രൈസ്തവ എഴുത്തുപുരയുടെ സ്ഥാപകനും ചീഫ് എഡിറ്ററാണ്.

b. കുട്ടികളുടെ സ്നേഹിതൻ എന്ന എക്സൽ വി.ബി.എസ്സ് മാഗസിന്റെ എഡിറ്ററുമാണ്.

c. ക്രൈസ്തവ ന്യൂസ് പോർട്ടറിന്റെ ചീഫ് എഡിറ്റർ.

d. നീരുറവ പത്രത്തിന്റെ എഡിറ്റർ.

e. റിഫർമേഷൻ വോയിസിന്റെ എഡിറ്റർ.

f. ലാന്റ്‌വേ ന്യൂസ് പേപ്പറിന്റെ അഡൈ്വസറി ബോർഡ് മെമ്പർ.

g. ഐ.സി.പി.എഫിന്റെ കൊല്ലം സ്റ്റാഫായി പ്രവർത്തിച്ചിട്ടുണ്ട്.

h. Excel School of Child Evangelism Registrar ആയി പ്രവർത്തിച്ചിട്ടുണ്ട്.

### 4) മാധ്യമങ്ങളോടുള്ള തന്റെ സന്ദേശം എന്തൊക്കെയാണ്?

മാധ്യമങ്ങൾ കേവലം വിമർശനങ്ങൾ മാത്രം എഴുതുന്നതിനോട് തനിക്ക് എതിരുണ്ട്. മാധ്യമം മറ്റുവ്യക്തികളുടെ ആത്മീയ അനുഗ്രഹത്തിനും സമൂഹത്തിന്റെ നന്മയ്ക്കുമായി മാറണം. നമ്മുടെ എഴുത്തുകൾ മാധ്യമ ധർമ്മമായിരിക്കണമെന്നും മാധ്യമപ്രവർത്തകരോട് പറയാനുണ്ട്.

### 5) ഇഷ്ടപ്പെട്ട നിറം ഏതാണ്? ഇഷ്ടപ്പെട്ട ആഹാരം ഏതാണ്?

റോസ് നിറം. ചിക്കൻ ബിരിയാണി.

### 6) സുവിശേഷവേലയിൽ തന്റെ പിതാവ് ഇറങ്ങിയതുകൊണ്ട് തന്റെ പിതാവിനോട് എപ്പോഴെങ്കിലും ദേഷ്യം വന്നിട്ടുണ്ടോ?

ഉണ്ട്, പക്ഷേ പിന്നെയാണ് മനസ്സിലായത് സുവിശേഷവേലയിൽ കഷ്ടതയുണ്ട് എന്ന്. പട്ടിണി ഞങ്ങൾ കിടന്നിട്ടില്ല, പക്ഷേ അതാത് സമയത്ത് ഞങ്ങളെ ദൈവം പോററിട്ടുണ്ട്.

### 7) താങ്കൾ ആദ്യമായി പ്രസംഗിച്ച വിഷയം ഓർമ്മയുണ്ടോ?

ഉണ്ട്, 38 വർഷക്കാലം കുളക്കരയിൽ കിടന്ന മനുഷ്യന്റെ കാര്യം.

### 8) ബൈബിളിലെ ഇഷ്ടപ്പെട്ട വാക്യം ഏത്?

സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല.

### 9) താങ്കളുടെ മക്കളുടെ ഭാവിയെക്കുറിച്ചുള്ള താങ്കളുടെ ആഗ്രഹം പറയാമോ?

ഞങ്ങളുടെ മക്കളും ഞങ്ങളെപ്പോലെ കർത്താവിന്റെ വേല ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

# സമാധാനം

## ചില യാഥാർത്ഥ്യങ്ങൾ



ഷിജു ജോൺ ശാമുവേൽ

മനുഷ്യൻ ഏറ്റവും അധികം ആഗ്രഹിക്കുന്ന ഒന്നാണ് മനസമാധാനം എന്നുള്ളത്. കാരണം ഈ ലോകത്തിൽ മനുഷ്യൻ മറ്റെന്തുണ്ടെങ്കിലും സമാധാനമില്ലായെങ്കിൽ സകലതും അർത്ഥശൂന്യമായിതീരുന്നു. ഒരുവൻ കൊട്ടാരത്തിലാണ് വസിക്കുന്നതെങ്കിലും മനസ്സിനു സമാധാനമില്ലെങ്കിൽ എന്ത് പ്രയോജനം? ഒരുവൻ കിടുന്നുറങ്ങുന്നത് പട്ടുമെത്തയിലെങ്കിലും സമാധാനമായി കിടന്നുറങ്ങാൻ കഴിയുന്നില്ലെങ്കിൽ എന്ത് പ്രയോജനം? ഒരുവൻ ഏറ്റവും ഇഷ്ടപ്പെടുന്ന ഭക്ഷണസാധനം തനിക്ക് ലഭിച്ചാലും അത് ആസ്വദിച്ചു കഴിക്കാനുള്ള മാനസികവാസ്ഥ ഇങ്കിൽ എന്ത് പ്രയോജനം. ഇങ്ങനെ ഏതു രീതിയിൽ നോക്കിയാലും മനുഷ്യന്റെ ഈ ലോക ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സമാധാനം എന്നുള്ളത്.

പല കാരണങ്ങളാൽ മനുഷ്യരെല്ലാം തന്നെ മാനസിക സമ്മർദ്ദത്തിന് അടിമപ്പെട്ടാണ് ജീവിക്കുന്നത്. നമ്മളിൽ പലരും രോഗികളാണ് ഈ രോഗങ്ങൾക്ക് പ്രധാനകാരണം മാനസിക സമ്മർദ്ദങ്ങളാണ്. കൂടാതെ ഇന്ന് ധാരാളം സുഖസൗകര്യങ്ങൾ നമുക്കുണ്ടെങ്കിലും അതിന്റെയൊക്കെ ഗുണമേന്മ ശരിയായ രീതിയിൽ അനുഭവിച്ചറിയുവാനോ ആസ്വദിക്കുവാനോ മാനസിക സമ്മർദ്ദങ്ങൾ കാരണം നമുക്ക് കഴിയാതെ പോകുന്നു. വൻമാളികകളും പട്ടുമെത്തകളും ഉണ്ടെങ്കിലും സമാധാനമായിട്ട് ഒന്ന് ഉറങ്ങുവാൻ കഴിയുന്നില്ല. ലോകം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയും വിവിധ ശാസ്ത്ര ശാഖകളും എല്ലാം അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയിൽ മനുഷ്യൻ വളരെയധികം വളർന്നു കഴിഞ്ഞു. ഇന്ന് ശബ്ദവേഗത്തിന്റെ മൂന്നിരട്ടിയിലധികം വേഗത്തിൽ സഞ്ചരിക്കുന്ന സൂപ്പർ സോണിക് വിമാനങ്ങൾ നിലവിലുണ്ട്. ലോകത്തിന്റെ ഏതെങ്കിലുമൊരു മൂലയിൽ ഇരുന്നുകൊണ്ട് ലോകം മുഴുവൻ വീക്ഷിക്കാൻ കഴിയുന്ന ഉപഗ്രഹ സംവിധാനങ്ങൾ ഇന്ന് നിലവിൽ ഉണ്ട്. എന്നാൽ സാങ്കേതികവിദ്യ ഇത്രയധികം വളർന്നെങ്കിലും സമാധാനം നൽകുന്ന ഒരു യന്ത്രം കണ്ടുപിടിക്കുവാൻ ഇന്നുവരെ മനുഷ്യന് കഴിഞ്ഞിട്ടില്ല. വൈദ്യശാസ്ത്രവും വളരെയധികം പുരോഗമിച്ചിരിക്കുന്നു. അതിസങ്കീർണ്ണമായ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ മുഴുവൻ ചെയ്യുന്ന യന്ത്രമായ വെന്റിലേറ്ററും വൃക്കയുടെ മുഴുവൻ പ്രവർത്തനങ്ങളും ചെയ്യുന്ന ഡയാലിസിസ് യന്ത്രവും നിലവിലുണ്ട്. എന്നാൽ സമാധാനം നൽകുന്ന ഫലപ്രദമായ ഒരു മരുന്ന് കണ്ടുപിടിക്കുവാൻ മനുഷ്യന് ഇതുവരെ കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. കാരണം യഥാർത്ഥ സമാധാനം നൽകുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു.

യേശു പറഞ്ഞു എന്റെ സമാധാനം ഞാൻ തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത് (യോഹ 14:26). യേശുവിന്റെ ഈ പ്രസ്ഥാവനയിൽനിന്നും ഒരു കാര്യം വളരെ വ്യക്തമാണ്. അതായത് യേശു തരുന്ന സമാധാനം ഈ ലോകം തരുന്ന സമാധാനത്തിൽനിന്ന് വളരെ വ്യത്യസ്തമാണ്. ഈ ലോകം തരുന്ന സമാധാനം നീണ്ടുനിൽക്കത്തക്കതും ക്ഷണികവും കേലവം സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ളതുമാ കുമ്പോൾ യേശു നൽകുന്ന സമാധാനം നീണ്ടുനിൽക്കുന്നതും ഏതു സാഹചര്യങ്ങളിലും നിലനിൽ ക്കുന്നതുമാണ്.

ഒരിക്കൽ നെപ്പോളിയൻ രാജാവ് ക്രിസ്തുയേശു നൽകുന്ന ദൈവീകമായ സമാധാനത്തെപ്പറ്റി ഒരു ചിത്രരചന മത്സരം സംഘടിപ്പിച്ചു. അതിനു ഒന്നാം സമ്മാനം കിട്ടിയ ചിത്രം വളരെ അർത്ഥവത്തായിരുന്നു. ആ ചിത്രം ഇങ്ങനെയായിരുന്നു. വൃക്ഷങ്ങളും സസ്യങ്ങളുംകൊണ്ട് നിബിഡമായ ഒരു മലഞ്ചരിവായ പ്രദേശം. അതിശക്തമായ കാറ്റ്, കോരിച്ചൊരിയുന്ന മഴ, പ്രകമ്പനം കൊള്ളിക്കുന്ന ഇടിയും മിന്നലും, ശക്തമായ മഴയും കാറ്റും കാരണം മലയുടെ മുകളിൽനിന്ന് മരങ്ങളും മറ്റും കടപുഴകിയൊഴുകി വരുന്നു. വളരെ പ്രക്ഷുബ്ദമായ അന്തരീക്ഷം. ഈ സമയത്ത് താഴോട്ടു ഒഴുകിവരുന്ന ഒരു മരത്തിന്റെ ഒരു കൊമ്പിലിരുന്നുകൊണ്ട് ഒരു കുയിൽ സമാധാനമായിരുന്നു മനോഹരമായി പാടിക്കൊണ്ടിരിക്കുന്നു. ആരും പേടിച്ചുപോകുന്ന അതി ഭയാനകമായ ഒരു അന്ത രീക്ഷത്തിൽ എങ്ങനെ ഈ കുയിലിനു പാടുവാൻ കഴിയുന്നു? കാരണം ഈ കുയിലിനറിയാം ദൈവം അതിനു രണ്ടു ചിറകുകൾ നൽകിയിട്ടുണ്ട്. താനിരിക്കുന്ന മരത്തിന് എന്തെങ്കിലും സംഭവിച്ചാൽ ഉയരങ്ങളിലേക്ക് പറന്നുപോകുവാൻ കഴിയുമെന്നും തനിക്ക് രക്ഷപ്പെടാനാകുമെന്നുമുള്ള ഉത്തമബോധ്യം ഈ കുയിലിനുണ്ടായിരുന്നു. അതുകൊണ്ടാണ് അതിന് വളരെ പ്രക്ഷുബ്ദമായ അന്തരീക്ഷത്തിലും സമാധാനമായിരുന്നു പാടുവാൻ കഴിയുന്നത്. ഇതേ അവസ്ഥ തന്നെയാണ് ദൈവികമായ സമാധാനം അനുഭവിക്കുന്ന ഓരോ വ്യക്തികളിലും കാണുവാൻ കഴിയുന്നത്. ഈ ലോകത്തിന്റെ തന്നെ സൃഷ്ടാ വായ സർവ്വശക്തനായ ദൈവം തങ്ങളുടെ കൂടെയുണ്ടെന്നുള്ള ഉത്തമബോധ്യം ഏതു പ്രക്ഷുബ്ദമായ അന്തരീക്ഷത്തിലും തങ്ങൾക്ക് സമാധാനമായിരിക്കുവാനുള്ള ശക്തിനൽകുന്നു. ഈ ലേഖകനുൾപ്പെടെ യുള്ള ക്രിസ്തു ശിഷ്യന്മാർ ഈ ദൈവിക സമാധാനം അനുഭവിക്കുന്നവരാണ്. കൂടാതെ ഈ ദൈവിക സമാധാനം അനുഭവിക്കുന്ന ക്രിസ്തു ശിഷ്യന്മാരെ ബൈബിളിൽ ധാരാളം കാണുവാൻ കഴിയുന്നുണ്ട്. ഒരിക്കൽ ക്രിസ്തു ശിഷ്യനായ പത്രോസിനെ (അപ്പോ: 6) അന്നത്തെ ഭരണാധികാരിയായിരുന്ന ഹെരോദാവു കാരഗൃഹത്തിലടച്ചപ്പോൾ പത്രോസ് രാത്രിയിൽ രണ്ടു ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനായി കാരഗൃഹത്തിലുറങ്ങുകയായിരുന്നു. കാരാഗൃഹത്തിലടയ്ക്കപ്പെടുന്ന ഏതൊരു വ്യക്തിക്കും കാരാഗൃഹത്തിലടയ്ക്കപ്പെടുന്ന ആദ്യദിനം എന്നുള്ളത് വളരെ ഭയാനകമായിരിക്കും. പ്രത്യേകിച്ച് ആദിമ നൂറ്റാണ്ടിൽ നിലനിന്നിരുന്ന യാതനകൾ മാത്രം സമ്മാനിച്ചിരുന്ന ജയിലുകളുടെ കാര്യംകൂടി പരിഗണിക്കുമ്പോൾ. എന്നാൽ ഇവിടെ പത്രോസ് ഈ ഭയാനകമായ അവസ്ഥയിലും സുഖമായി കിടന്നുറങ്ങുന്നു. ഇതെങ്ങനെ സാധിക്കുന്നു, ഇവിടെയാണ് യേശു വാഗ്ദത്തം ചെയ്ത സാഹചര്യ ങ്ങൾക്കതീതമായ ദൈവീകമായ സമാധാനത്തിന്റെ പ്രസക്തി.

ഈ ലോകത്തിൽ സമാധാനം കണ്ടെത്താനുള്ള വഴികൾ ധാരാളം ഉണ്ടെങ്കിലും അതൊന്നും തന്നെ യഥാർത്ഥ സമാധാനത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കുവാൻ പ്രാപ്തിയുള്ളവനല്ല. ചിലർ സമാധാനത്തിനായി മദ്യത്തെയും മയക്കുമരുന്നിനെയും ആശ്രയിക്കുമ്പോൾ അത് താൽക്കാലികമായി ലഹരി തീരുന്നടംവരെ ആശ്വാസം നൽകുമെങ്കിലും അതുപയോഗിക്കുമ്പോഴുണ്ടാകുന്ന ദൂരവ്യാപ കമായ ഫലങ്ങൾ പലപ്പോഴും കൂടുതൽ അസമാധാനത്തിലേക്കാണ് തള്ളിവിടുന്നത്. അത് പോലെ സമാധാനത്തിനായി ടി വി പോലെയുള്ള വിനോദോപാധികളെ ആശ്രയിക്കുന്നവരുണ്ട്. അവിടെയും നൈമിഷികമായ/താൽക്കാലികമായ സമാധാനം മാത്രമേ കണ്ടെത്തുവാൻ സാധിക്കുകയുള്ളു. ധനത്തിനും ആരോഗ്യത്തിനും സമാധാനം നൽകുവാൻ കഴിയും എന്ന് വിശ്വസിക്കുന്നവരുണ്ട്. എന്നാൽ ഇവയ്ക്കൊന്നും യഥാർത്ഥ സമാധാനം നൽകുവാൻ സാധ്യമല്ല. ഞാൻ ഈയിടെയായി സമൂഹത്തിലെ ഉന്നതനായ ഒരു വ്യക്തിയുമായുള്ള അഭിമുഖം ടിവിയിൽ കാണുവാൻ ഇടയായി. അതിൽ അദ്ദേഹം പറഞ്ഞ ഒരു വാചകം എന്നെ വളരെയേറെ ചിന്തിപ്പിച്ചു. ജീവിതം ആസ്വാദ്യകരമാക്കുന്നതിനെക്കുറി ച്ചായിരുന്നു ചോദ്യം, ആ ചോദ്യം ഇങ്ങനെയായിരുന്നു: സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കുവാനും ജീവിതം ആസ്വദിക്കുവാനുമുള്ള എല്ലാ ചുറ്റുപാടുകളും ദൈവം താങ്കൾക്ക് നൽകിയിട്ടുണ്ട്. താങ്കളുടെ ജീവിതരീതിയെക്കുറിച്ചും ജീവിതം കൂടുതൽ ആസ്വദകരവും സന്തോഷകരവുമാക്കാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചും താങ്കൾ ഒന്നു വിവരിക്കാമോ. ഉത്തരം ജീവിതം enjoy ചെയ്യുവാനുള്ള എല്ലാ സാഹചര്യങ്ങളും ദൈവം എനിക്ക് നൽകിയിട്ടുണ്ടെങ്കിലും പലപ്പോഴും അതെനിക്ക് കഴിയാറില്ല. പെട്ടെന്ന് പിരിമുറുക്കത്തിനടിമയാകുന്ന (tension) അഥവാ മൂഡ് ഓഫ് ആകുന്ന ഒരു രീതിയാണ് എന്റേത്. എന്തെങ്കിലും ചെറിയ കാര്യങ്ങൾ മതി ആ ദിവസം മുഴുവൻ ഞാൻ മൂഡ് ഓഫ് ആയിരിക്കും. ഇതുപോലെയുള്ള ചെറിയ കാര്യങ്ങൾ ഉണ്ടാകാത്ത ദിവസങ്ങളും എന്റെ ജീവിതത്തിലില്ലെന്നുതന്നെ പറയാം. ഇതു തന്നെയാണ് ഈ ലേഖനം വായിക്കുന്ന ഒട്ടുമിക്ക വ്യക്തികളുടേയും അവസ്ഥ. നമുക്ക് സമാധാനം അനുഭവിക്കാൻ എല്ലാവിധ സാഹചര്യങ്ങളും ഉണ്ടെങ്കിലും പലപ്പോഴും സമാധാനം അതിന്റെ യഥാർത്ഥരീതിയിൽ അനുഭവിക്കുവാൻ നമുക്ക് കഴിയാറില്ല. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന നിസ്സാരമായ പ്രശ്നങ്ങൾ പോലും നമ്മുടെ സമാധാനത്തെ കെടുത്തുന്നു. ഇവിടെയാണ് ക്രിസ്തീയ സമാധാനത്തിന്റെ പ്രസക്തി. ഇതു ഒരിക്കലും സാഹചര്യങ്ങളെ അനുസരിച്ചുള്ളതല്ല മറിച്ച് ഏതു സാഹചര്യത്തിലും നിലനിൽക്കുന്ന ദിവ്യമായ സമാധാനമാണ്.

അതുകൊണ്ട് ഈ ലേഖനം വായിക്കുന്ന പ്രിയ സ്നേഹിതരെ. സമാധാനം കാംക്ഷിക്കുന്ന വ്യക്തിയാണോ താങ്കൾ? യഥാർത്ഥ സമാധാനം താങ്കൾക്കു ലഭിക്കണമെങ്കിൽ താങ്കളുടെ മുൻപിൽ ഒരേയൊരു മാർഗ്ഗമേയുള്ളു അതായത് യേശു വാഗ്ദത്തം ചെയ്ത ദൈവികമായ സമാധാനം സ്വായ ത്തമാക്കുക. താങ്കൾ യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുവാൻ തയ്യാറാവുകയാണെങ്കിൽ ഇപ്പോൾ തന്നെ ആ ദിവ്യസമാധാനം താങ്കൾക്ക് ലഭിക്കുന്നതായിരിക്കും. ഈ അവസരത്തിൽ നല്ല ഒരു തീരുമാനമെടുക്കുവാൻ ദൈവം താങ്കളെ സഹായിക്കട്ടെ.

---

**പാട്ടിന്റെ വഴി**

# നീയെന്റെ വൈദ്യൻ, നീയെന്റെ ഔഷധം

കർത്തൃശുശ്രൂഷകന്മാർ പാട്ടു പാടി ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്ന നല്ല മാതൃക തലമുറകളെയും ദൈവത്തിന് പ്രയോജനമുള്ള വരായിതീർക്കും എന്നതിന് സംശയമില്ല. ആരാധനയിൽ പാട്ടിനുള്ള സ്ഥാനം പരമ പ്രധാനമാണ്. പാസ്റ്റർ കെ. എം. ജോസഫ് അവർകളുടെ മകളാണ് ലോവിസ്. കെ. എം. ജോസഫിന്റെയും മറിയാമ്മ ജോസഫിന്റെയും നാലാമത്തെ മകളായി ലോവിസ് ജനിച്ചു. മൂന്നു വയസ്സു പ്രായമുള്ളപ്പോൾ പിതാവിന്റെ പാട്ടുകളിൽ ആകർഷിക്കപ്പെടുകയും നന്നായി പാട്ട് പാടുകയും ചെയ്തിരുന്നു. സണ്ടേസ്കൂളുകളിലും പി.വൈ.പി.എ. വേദി കളിലും ഗാനാലാപനത്തിന് ലോവിസ് ഒന്നാമതായിരുന്നു.

പന്ത്രണ്ടാം വയസ്സിൽ കുമ്പനാട് കൺവൻഷനിൽ പാടിയ പാട്ടുകേട്ട് പാസ്റ്റർ പി. എം. ഫിലിപ്പും, പാസ്റ്റർ പി. എൽ. പരംജ്യോതിയും തലയിൽ കൈവെച്ച് അനുഗ്രഹിച്ചതും ലോവിസിന് മറക്കാനാവില്ല. ഗാനങ്ങൾ ആലപിക്കുക തന്നെയല്ല ഗാനങ്ങൾ രചിക്കുന്നതിനും കർത്താവ് കൃപ നൽകിയിട്ടു ചെറുപ്പം മുതൽ ദൈവം നൽകിയ താലന്തിനെ വ്യാപാരം ചെയ്ത ലോവിസ് കുടുംബസ്ഥയായപ്പോഴും ആ പാതയിൽനിന്ന് പിന്മാറിയില്ല. തക്കതുണയായി ജിജി പോളിനെ ദൈവം നൽകി. അദ്ദേഹം ലോവിസിന്റെ സംഗീത വാസനയെ പ്രോത്സാഹിപ്പിച്ചപ്പോൾ പല ഗാനങ്ങളും ദൈവമക്ക ൾക്ക് ലഭിച്ചു. എന്നാൽ വളരെ അനുഗ്രഹമായി ആയിരങ്ങൾ പാടി ആരാധിക്കുന്ന നീ എന്റെ വൈദ്യൻ, നീ എന്റെ ഔഷധം, നീയെന്റെ എല്ലാമാണല്ലോ എന്ന ഗാനത്തിന്റെ പിമ്പിലുള്ള അനുഭവം തീവ്രമാണ്.

മൂന്നാം വയസ്സിൽ പാടി തുടങ്ങിയ ലോവിസിന്റെ മൂന്നു വയസ്സ് പ്രായമുള്ള മകൻ ജോയലിന് സംസാര ശേഷിയില്ല എന്ന വസ്തുത തിരിച്ചറിഞ്ഞപ്പോൾ മനസ്സ് അൽപം പതറിപ്പോയി. എന്നാൽ പരിശുദ്ധാത്മാവ് ഒരു വചനത്തിലൂടെ ലോവിസിനോടു സംസാരിച്ചു. 'ഞാൻ പരീക്ഷയോടുകൂടെ പോക്കുവഴിയും ഉണ്ടാക്കും'. വിശ്വസിച്ച് പ്രാർത്ഥിപ്പാൻ ആരംഭിച്ചു. പ്രാർത്ഥനയിൽ സൗഖ്യമാക്കുന്ന യഹോവയാണെന്ന് പറയുവാൻ തുടങ്ങി. 100 പ്രാവശ്യം പറയുന്നതിന് മുമ്പ് ദൈവകരം വെളിപ്പെടും എന്ന് വിശ്വസിച്ചു. 10 പ്രാവശ്യം പറഞ്ഞപ്പോൾതന്നെ അത്ഭുതം നടന്നു. ജോയൽമോനും അമ്മയെ അനുകരിച്ച് പറയുവാൻ തുടങ്ങി. അവന്റെ കെട്ട് അഴിഞ്ഞു. ചെവികൾ തുറന്നു അത്ഭുതമായി സംസാരിച്ചു.

വിടുതൽ അനുഭവിച്ചപ്പോൾ ദൈവത്തിന് നന്ദി കരേറ്റിക്കൊണ്ട് ഇങ്ങനെ പറഞ്ഞു, 'നീ എന്റെ വൈദ്യൻ, നീ എന്റെ ഔഷധം, നീയെന്റെ എല്ലാമാണല്ലോ, രോഗിക്ക് വൈദ്യൻ ഗിലെയാദിലുണ്ടല്ലോ, ഗിലയാദിലെ ഔഷധ തൈലം ഉണ്ടല്ലോ, യേശുവേ തൊട്ടാൽ അവൻ എന്നെ തൊട്ടാൽ അത്ഭുത സൗഖ്യം ഉണ്ട്.' അനുഭവങ്ങളിൽ നിന്ന് അടർന്നുവീണ വരികൾപാടി ഇന്ന് അനേകർ സൗഖ്യദായകനായ വൈദ്യനെയും ഗിലെയാദിലെ തൈലത്തെയും അനുഭവിച്ചറിയുമ്പോൾ ദൈവ ത്തെ മഹത്വപ്പെടുത്തുന്നത് ലോവിസ് മാത്രമല്ല ഉണ്ണിച്ചായന്റെ കുടുംബം മുഴുവനുമാണ്.



# പെന്തെക്കോസ്തിന്റെ രാഷ്ട്രീയസമീപനങ്ങൾ മാറ്റണം!

**രാഷ്ട്രീയ ഇടപെടലുകളും പെന്തെക്കോസ്ത് ആത്മീയതയും എങ്ങനെ ഒരുമിച്ചു കൊണ്ടുപോകാം എന്നതിനെക്കുറിച്ച്, ആരോഗ്യപരമായ പുത്തൻ നിലപാടുകൾ കണ്ടെത്തുന്നത് ഇന്നത്തെ സഭയുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്. നൈതികമായ രാഷ്ട്രീയ ഇടപെടലുകൾ നടത്തുവാൻ പാകമായ സഭാനേതൃത്വം മുന്നോട്ട് വരണം. ജനാധിപത്യനന്മയ്ക്കും സഭാവളർച്ചയ്ക്കും രാഷ്ട്രീയം പ്രയോജനപ്പെടുത്തണം.**



പാസ്റ്റർ സന്തോഷ് ജോസഫ്

ഇനി മറ്റൊരു നിയമസഭാ തെരഞ്ഞെടുപ്പിന്റെ രംഗങ്ങളിലേക്ക് കേരളം ചുവടെടുത്ത് വെയ്ക്കുകയാണ്. മലയാളക്കരയുടെ മുക്കിലും മൂലയിലും മൂന്നുപേർ കൂടിയാൽ മൂന്നു മിനിറ്റു നേരമെങ്കിലും തെരഞ്ഞെടുപ്പ് രാഷ്ട്രീയം പറയാതിരിക്കില്ല. വാർത്താചാനലുകളിലും ദിനപത്രങ്ങളിലും മാസികകളിലും തെരഞ്ഞെടുപ്പ് വിഷയങ്ങൾ കൂടുതൽ വിശകലനം ചെയ്യപ്പെടുവാൻ പോകുന്നു. മാർക്കറ്റിലും മദ്യഷാപ്പിലും ഓഫീസിലും ക്ലബുകളിലും അധികം പ്രതിപാദ്യമാകുന്നത് തെരഞ്ഞെടുപ്പ് രാഷ്ട്രീയം തന്നെ. അങ്ങനെയെങ്കിൽ രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ആത്മാഭിഷേകം പ്രാപിച്ച്, കർത്തൃമേശയിൽ പങ്കുകൊണ്ട് ആരാധിക്കുന്ന പെന്തെക്കോസ്ത് വിശ്വാസികൾക്ക് രാഷ്ട്രീയത്തോടും രാഷ്ട്രീയ പാർട്ടികളോടുമുള്ള വീക്ഷണങ്ങളും സമീപനങ്ങളും സുപ്രധാന മാറ്റങ്ങൾക്ക് ഇന്ന് വിധേയമായിട്ടുണ്ട്. പുറത്തറിയിക്കാൻ ആഗ്രഹമില്ലെങ്കിലും അകത്ത് ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയോട് ആഭിമുഖ്യം പുലർത്തുന്നവരാണ് എല്ലാ വിശ്വാസികളും. വർഷങ്ങൾക്കു മുമ്പ് രാഷ്ട്രീയത്തെ പാപമായും രാഷ്ട്രീയ നേതാക്കളെ പുച്ഛമായും കരുതുകയും, രാഷ്ട്രീയത്തിൽ രക്ഷയില്ലെന്ന് പ്രസംഗിക്കുകയും നാം ചെയ്തിരുന്നു. എന്നാൽ ഇന്നങ്ങനെയല്ല, കേവലം വോട്ടു ചെയ്യുക എന്ന പൗരാവകാശത്തിൽ മാത്രം ഊന്നി നിന്ന പെന്തെക്കോസ്തുകാരുടെ രാഷ്ട്രീയാവബോധത്തിനു ഇന്നു മാറ്റം വന്നിരിക്കുന്നു. കൺവൻഷൻ സ്റ്റേജിലും സഭാപ്രതിഷ്ഠകൾക്കും മരണവീട്ടിലും തുടങ്ങി പെന്തെക്കോസ്തുകാരുടെ ചെറുതും വലുതുമായ ആത്മീയ പ്രോഗ്രാമുകൾക്ക് മുഖ്യധാരാ മുന്നണികളുടെ ചെറുകിടവൻകിട രാഷ്ട്രീയ നേതാക്കന്മാരുടെ അതിപ്രസരം ഇന്നു കാണാം. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ അവർ നമ്മോടും നാം അവരോടും സഹകരിക്കുന്നു. രാഷ്ട്രീയക്കാരുടെ സാന്നിദ്ധ്യത്തിനുവേണ്ടി യോഗതീയതികളും സമയങ്ങളും യോഗസ്ഥലങ്ങളും വരെ മാറ്റുന്നു. രാഷ്ട്രീയക്കാരില്ലാത്ത പെന്തക്കോസ്തു പ്രോഗ്രാമുകളുടെ ഉദ്ഘാടന സമാപന ചടങ്ങുകൾ ഇന്നു വിരളമാണ്. ഭൗതിക ആവശ്യങ്ങളുടെ സഫലീകരണത്തിനായി രാഷ്ട്രീയ പാർട്ടികളെ സമീപിക്കാനും പൗരാവകാശങ്ങളെ ചോദിച്ചുവാങ്ങാനും വിശ്വാസികൾ തയ്യാറാകുന്നു. അതിരുതർക്കത്തിനും അഡ്മിഷനും മാത്രമല്ല, സഭയിലെ രണ്ടു വ്യക്തികൾ തമ്മിലുള്ള പ്രശ്നത്തിനോ, സഭകൾ തമ്മിലുള്ള കേസിനോ രാഷ്ട്രീയക്കാരെ കാണുന്ന വിശ്വാസികൾ ഇന്നില്ലേ?

സമകാലിക രാഷ്ട്രീയ സ്ഥിതിഗതികളെയും നീക്കങ്ങളെയും തത്സമയം വീക്ഷിക്കുകയും വിമർശിക്കുകയും ചെയ്യുന്ന പെന്തെക്കോസ്തു സഭാനേതാക്കന്മാരും വിശ്വാസികളും ക്രിസ്തീയ പ്രോഗ്രാമുകളിലും പത്രങ്ങളിലും അവരുടെ രാഷ്ട്രീയ വിവക്ഷകൾ വ്യത്യസ്ത മുന്നണികളോട് പക്ഷം ചേർന്നും ചേരാതെയും പറയുകയും എഴുതുകയും ചെയ്യുന്നു. പ്രമുഖ രാഷ്ട്രീയക്കാരുമായി അടുത്ത ബന്ധം പുലർത്തുന്നവരാണ് പെന്തെക്കോസ്തു സഭാനേതാക്കളും പത്രക്കാരും വിശ്വാസികളും.

പെന്തെക്കോസ്തു സമൂഹം ആൾബലത്തിലും സാമ്പത്തികത്തിലും ശക്തി പ്രാപിച്ചതുകൊണ്ട്, രാഷ്ട്രീയ പാർട്ടികൾ അവരുടെ ആവശ്യങ്ങൾക്കായി ഓടിയെത്തുന്നു. ശക്തിമത്തായ വോട്ടുബാങ്കായി വിശ്വാസികളെയും സഭയെയും ഇണക്കിനിർത്താനുള്ള തന്ത്രങ്ങളും രാഷ്ട്രീയ പാർട്ടികളുടെ അണിയറയിൽ ഇല്ലാതില്ല. ഒട്ടനവധി ത്രിതല പഞ്ചായത്തുകളിലും ഒന്നിലധികം നിയമസഭാ, ലോകസഭാ മണ്ഡലങ്ങളിലും പെന്തക്കോസ്തു സ്ഥാനാർത്ഥികൾ ഇലക്ഷനിൽ നിന്നാൽ ഇനിയുള്ള തിരഞ്ഞെടുപ്പുകളിൽ വിജയിക്കാം. മുഖ്യധാരാ മുന്നണികളുടെ ജയാപജയങ്ങളെ നിയന്ത്രിക്കുന്ന മാന്ത്രികച്ചരടായി മാറാനും പെന്തക്കോസ്തു സമൂഹത്തിന് ഇന്ന് കഴിയുമെന്നതും സത്യം തന്നെ. വാർഡുതലം മുതൽ ലോകസഭാ സ്ഥാനാർത്ഥിയായി വരെ മത്സരിക്കാൻ തയ്യാറുള്ള വിശ്വാസികൾ ഇന്നുണ്ട്. രാഷ്ട്രീയത്തോടുള്ള പെന്തക്കോസ്തിന്റെ സമീപനമാറ്റം പോലെ, രാഷ്ട്രീയ മുന്നണികൾക്കും പെന്തക്കോസ്തുകാരോടുള്ള പ്രീയം വർദ്ധിച്ചിരിക്കുന്നു.

വർഗ്ഗീയതയും മതവൈരവും കാലുവാരലും അഴിമതിയും അഴിഞ്ഞാടുന്ന രാഷ്ട്രീയ ഭൂമിയിൽ ഇറങ്ങുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു വിശ്വാസിക്ക് എത്രത്തോളം ക്രിസ്തു കേന്ദ്രീകൃതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയും? അതുകൊണ്ട് രാഷ്ട്രീയവും ആത്മീയവും ഒരു വിശ്വാസിക്ക് ഒരുപോലെ പ്രാപ്യമാണോ എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. പെന്തക്കോസ്തു സമൂഹത്തിന്റെ രാഷ്ട്രീയ അരങ്ങേറ്റവും, രാഷ്ട്രീയ നിലപാടുകളോടുള്ള സമീപനവും ദൈവവചനാടിസ്ഥാനത്തിൽ മാത്രം വിശകലനം ചെയ്യപ്പെടണം. പെന്തെക്കോസ്തു സമൂഹവും സഭയും സഭാനേതൃത്വവും രാഷ്ട്രീയ താല്പര്യങ്ങൾക്കു വേണ്ടി നില്ക്കുമ്പോൾ തന്നെ അവരുടെ ചട്ടുകങ്ങളായി മാറാതെ, ബൈബിൾ മൂല്യങ്ങൾക്കു വിപരീതമാകാതെ, സാമൂഹിക നീതിയ്ക്കും നന്മക്കും വേണ്ടി രാഷ്ട്രീയത്തെ ഉപയോഗിക്കേണ്ടതുണ്ട്.

ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സഭയെന്ന സമൂഹം ജീവിക്കുന്ന ദൈവവുമായി നേരിട്ടു ബന്ധം പുലർത്തുന്ന ഭൂമിയിലെ സ്വർഗ്ഗീയ കൂട്ടമാണ്. എങ്കിലും ഇഹലോക ജീവിതത്തിൽ സഭ പ്രയാണം ചെയ്യുന്നത് വിഭിന്നങ്ങളായ സാമൂഹിക സാംസ്കാരിക സാമുദായിക ബന്ധങ്ങൾക്ക് ഇടയിലാണ്. സഭ സമൂഹത്തിന്റെ ഭാഗമാകണം. സഭ രാഷ്ട്രത്തിന്റെ ഒരംശമാകണം. അതു സംശുദ്ധമായ രാഷ്ട്രീയ ഇടപെടലുകളിൽ കൂടി മാത്രമേ നടക്കുകയുള്ളു. അപ്പോൾ തന്നെ സഭ സമൂഹത്തിൽ നിന്നും വേർപെട്ടു നിൽക്കണം. യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു ശേഷം മാത്രമാണ് സഭയുടെ വേർപെട്ട അസ്തിത്വം ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടുന്നത്. അന്നുവരെ സമൂഹത്തിന്റെ ഹൃദയസ്പന്ദനങ്ങളെയും വികാരങ്ങളെയും കാണുവാനും, സാമൂഹിക തിന്മകൾക്കെതിരെയുള്ള വെല്ലുവിളികൾ ഏറ്റെടുക്കുവാനും സഭയ്ക്കു കഴിയണം. രാഷത്രീയം സമൂഹത്തിന്റെ നട്ടെല്ലാണ്. സാമൂഹിക സേവനമാണ് അതിന്റെ ലക്ഷ്യം. സഭയുടെ രാഷ്ട്രീയ ഇടപെടലുകൾ ഫലപ്രദമാകുന്നുവെങ്കിൽ, അത് സഭയുടെ മാത്രമല്ല, സമൂഹത്തിന്റെയും നിദാനമാകും.

മാറിമാറി വരുന്ന സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ എടുക്കുന്ന തീരുമാനങ്ങളും നിയമഭേദഗതികളും വിശ്വാസി എന്നതിലുപരി ഒരു പൗരനെന്ന നിലയിൽ ഏതൊരാളെയും ബാധിക്കുന്നുവെന്നുള്ളതുകൊണ്ട് രാഷ്ട്രീയ പാർട്ടികളുടെ അജണ്ഡകളിലും തീരുമാനങ്ങളിലും പൊതു നന്മയ്ക്കുതകുന്ന കാര്യങ്ങളെ നമുക്കും പിന്താങ്ങുവാൻ കഴിയണം.

മറ്റൊരു കാര്യം, സഭാ വിഭാഗത്തിനോ, നേതൃത്വത്തിനോ ഒരു വിശ്വാസിയുടെ മേൽ ആത്മീയ അധികാരമുപയോഗിച്ച് അവനെ രാഷ്ട്രീയത്തിൽ നിന്നു വിലക്കാനാവില്ല. അത് പൗരസ്വാതന്ത്ര്യ ലംഘനമാണ്. യഥാർത്ഥ രാഷ്ട്രീയ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന രാഷ്ട്രീയ വിശ്വാസിയെ കൂടി സൃഷ്ടിക്കുക എന്നതാണ് സഭയുടെ ധർമ്മം. വിശ്വാസികൾ ഒരു രാഷ്ട്രീയ പാർട്ടിയുടെയും സ്ഥിര അനുഭാവമുള്ളവരായി മാറേണ്ടതില്ല. രാഷ്ട്രീയ പാർട്ടികളല്ല നമുക്ക് വലുത്. മാനുഷിക മൂല്യങ്ങളാണ് വിശ്വാസി ഉയർത്തിപ്പിടിക്കേണ്ടത്. എല്ലാ പാർട്ടിയിലെയും നല്ല വശങ്ങൾ ഉൾകൊള്ളാൻ നമുക്ക് കഴിയണം. അപ്പോൾ തന്നെ അവരുടെ വീഴ്ചകളെയും വിവേകശൂന്യമായ നടപടികളെയും വികാരരഹിതമായി വിമർശിക്കാനും സാധിക്കണം.

രാഷ്ട്രീയ ഇടപെടലുകളും പെന്തെക്കോസ്ത് ആത്മീയതയും എങ്ങനെ ഒരുമിച്ചു കൊണ്ടുപോകാം എന്നതിനെക്കുറിച്ച്, ആരോഗ്യപരമായ പുത്തൻ നിലപാടുകൾ കണ്ടെത്തുന്നത് ഇന്നത്തെ സഭയുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്. നൈതികമായ രാഷ്ട്രീയ ഇടപെടലുകൾ നടത്തുവാൻ പാകമായ സഭാനേതൃത്വം മുന്നോട്ട് വരണം. ജനാധിപത്യനന്മയ്ക്കും സഭാവളർച്ചയ്ക്കും രാഷ്ട്രീയം പ്രയോജനപ്പെടുത്തണം. ബൈബിളികമായ ധാർമ്മിക അടിസ്ഥാനത്തിലും അധികാരത്തിലും സമൂഹത്തെ നയിക്കുവാൻ പെന്തക്കോസ്തുകാർ രാഷ്ട്രീയത്തിലും ഭരണരംഗത്തും കടന്നു വരട്ടെ.

## കാർ അപകടത്തിൽ 2 മരണം

പന്തളം: കല്ലിശ്ശേരി പാറയിൽ വീട്ടിൽ ജെയിംസ് ജോയമ്മ ദമ്പതികൾ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് പന്തളത്തിനടുത്ത് മാന്തുക എന്ന സ്ഥലത്ത് അപടകടത്തിൽപ്പെട്ടു 2 പേർ മരിച്ചു. കട നടത്തിപ്പുകാരനായ കല്ലുവരമ്പേൽ സോമരാജന്റെ കടയിലേക്കു കാർ ഇടിച്ചുകയറുകയായിരുന്നുവെന്ന് ദൃസാക്ഷികൾ പറയുന്നു. ഓട്ടോറിക്ഷായിൽ കാർ തട്ടിയാണ് നിയന്ത്രണം വിട്ടത്. ഈ കുടുംബം അതിരാവിലെ വീട്ടിൽ നിന്നും തിരിച്ചു ഓമല്ലൂരിലുള്ള മരണ വീട്ടിൽ പോയി മടങ്ങിവരുമ്പോഴാണ് അത്യാഹിതം സംഭവിച്ചത്. സംഭവസ്ഥലത്തുവച്ചു ജോയമ്മയും സോമരാജനും മരണമടയുകയായിരുന്നു. ഈ സ്ഥലത്ത് നിരവധി അപകടങ്ങൾ നടക്കുന്നതിനാൽ അധികാരികൾ സ്പീഡ് ക്യാമറകളും ഹമ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും അപകടങ്ങൾക്ക് യാതൊരു കുറവും കാണുന്നില്ലായെന്ന് പരക്കെ ആക്ഷേപമുണ്ട്. അമിതവേഗതയും അശ്രദ്ധയും അപകടത്തിന് സാദ്ധ്യതയുണ്ടാകുന്നു എന്നത് തള്ളിക്കളയാൻ കഴിയാത്ത സത്യമാണ്.

## ടിജിക്ക് എംബിഎ ഒന്നാം റാങ്ക്



അസംബ്ലീസ് ഓഫ് ഗോഡ് കൊണ്ണിയൂർ സഭാംഗവും സണ്ടേസ്കൂൾ അധ്യാപികയുമായ ടിജി.ബി.ടി കേരള സർവ്വകലാശാലയുടെ 2015-ലെ എംബിഎ (ട്യൂറിസം) ഒന്നാം റാങ്ക് നേടി. കാര്യവട്ടം കാമ്പസിലെ വിദ്യാർത്ഥിനിയായിരുന്നു ടിജി. ടോമി-ബിജി ദമ്പതികളുടെ രണ്ടു മക്കളിൽ മൂത്ത മകളാണ് ടിജി. വെള്ളനാട് ഗവ.വി.എച്ച്.എസ്.എസിൽ പഠിച്ച ടിജി 73 ശതമാനം മാർക്ക് നേടിയാണ് എസ്.എസ്.എൽ.സി പാസ്സായത്. കുളത്തുമ്മൽ ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് പ്ലസ് ടു ഫസ്റ്റ് ക്ലാസ്സോടെ പാസ്സായി. ഡിഗ്രി പഠനം പാരലൽ കോളെജിലായിരുന്നെങ്കിലും 60 ശതമാനം മാർക്കോടെ പാസ്സായി. അഖിലേന്ത്യ സിലബസുകൾ പഠിച്ചെത്തിയ മിടുക്കരെ പിന്നിലാക്കിയാണ് ഗ്രാമീണ മേഖലയിലെ സർക്കാർ സ്കൂളുകളിൽ പഠിച്ചുവന്ന ടിജി എംബിഎ ഒന്നാം റാങ്ക് കൈപ്പിടിയിലൊതുക്കിയത്.

അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പരീക്ഷയിൽ സീനിയർ ക്ലാസിൽ 2011-ലെ റാങ്കു ജേതാവുകൂടിയാണ് ടിജി. സണ്ടേസ്കൂൾ വാർഷിക പരീക്ഷകളിൽ 7 തവണ ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്. റാങ്ക് ലഭിക്കുമെന്ന് കരുതിയിരുന്നെങ്കിലും ഒന്നാം റാങ്ക് പ്രതീക്ഷിച്ചിരുന്നില്ലെന്ന് ടിജി പറയുന്നു. എല്ലാദിവസവും 12 വിദ്യാർത്ഥികൾക്ക് വൈകുന്നേരം 6 മുതൽ 8.30 വരെ ട്യൂഷൻ എടുക്കുന്ന ടിജി രാത്രി 9 മണിമുതലാണ് പഠനത്തിനു സമയം കണ്ടെത്തുന്നത്. കൃത്യമായി പഠിക്കും. സണ്ടേസ്കൂൾ ക്യാമ്പുകളിലൂടെ ലഭിച്ച ആശയങ്ങളും ചിന്തകളും പഠിക്കുവാൻ ഏറെ പ്രോത്സാഹനകരമായി എന്നും ടിജി പറയുന്നു. 'പ്രാർത്ഥിക്കുക, പഠിക്കുക, ആഗ്രഹിക്കുക' ഇതാണ് ടിജി വിദ്യാർത്ഥികൾക്ക് നൽകുന്ന സന്ദേശം. പിതാവ് ടോമി ടൂവീലർ വർക്ക്ഷോപ്പ് നടത്തുന്നു. സഹോദരൻ ടിജോ കമ്പ്യൂട്ടർ ഹാർഡ് വെയർ വിദ്യാർത്ഥി. ടിജിക്ക് ലാഡ്‌വേയുടെ അനുമോദനങ്ങൾ.

### തിരുത്ത്

ഫെബ്രുവരിയിലെ പാട്ടിൻെറ വഴി എന്ന പന്തിയിൽ *ദൈവ മാതാവ്* എന്ന് അച്ചടിപിശക് വന്ന ഭാഗം *ദൈവാത്മാവ്* എന്ന് തിരുത്തി വായിക്കുവാൻ അപേക്ഷ.

*- പത്രാധിപർ*

# EXAM FEVER ???



**Duglas Joseph**

The author has been teaching in colleges and schools for the last 18 years in India, Maldives and U.A.E. Currently teaching in Gems Our Own English School Fujairah. A prolific writer on teenage and education issues in various magazines and online portals.

duglas2007@gmail.com



Forthcoming months March and April are highly tensed time for students, parents and teachers especially for Grade 10 and 12 students who are appearing for board examination. Students start getting anxious and spend sleepless nights worrying about the coming exams.The fear of examination has given birth to the phrase “Examination fever”. This “fever” and “examination” both are closely related because near the examination a student has an attack of this type of fever. I have seen many students who perform badly due to exam fear because high mental pressure and tension affect the preparation for exams. In today’s highly competitive world where each child was expected to perform more than his capabilities. How to overcome exam fear and prepare effectively for exam would be a matter of interest for students, parents and teachers.

Exam fever symptoms and effects:

- The students start getting anxious and spend sleepless nights worrying about the upcoming exams.
- Complain of loss of memory
- Many parents complain that, children skip their meals.
- Lack of appetite
- Difficult to concentrate
- The students become weak and pale
- Head ache and vomiting
- The exam fever badly affects students’ performance as it affects memory.
- Some children become more irritated and short tempered.

Overcoming Exam fever

How do students handle the examination stress?The only remedy for these victims is that they just relax and cool because exams are not the end of the life instead it is just a step towards a bright future. Therefore, approach the examwith a positive attitude. The role of parents and teachers are also important in reducing exam fear. Unfortunately, the negative attitude of some parents and teachers increase the fear of children. Parents want to see their kids outshine the other children, and teachers, want to bring prestige to school and the teachers, pressure the students to score higher grades. I have seen many such teachers and parents who add oil to the fire. Some students, who waste the whole year, resort to last minute cramming. In English, there is an idiom ‘’ At the Eleventh hour’. It means alast minute preparation. As students are anxious and restless so they sometimes think of using unfair means like copying. Let us see some tips to avoid exam fever and prepare effectively for exams.

- Schools should conduct a counseling session for students who are appearing for major exams. Psychologists and counselors could adviceproper ways to handle the stress and coming out with flying colours.
- Make a time table for the revision allotting more time for difficult subjects.
- Try to solve at least five years past papers.
- Parents should create pleasant family atmosphere. Encourage the children always and avoid negative talking
- Don’t force higher expectations beyond the ability of children. Always be realistic.
- When studying lengthy answers make short notes and points and it would be helpful to refer just before the exams.
- Keep away from time wasting social media interactions in Facebook and whatsapp, video games and mobile chatting. However spend at least one hour for some physical exercise by playing football or cricket.
- At least eight hours sleep is required for children and don’t stay awake in midnight for eleventh hour study.
- Avoid junk foods and fizzy drinks instead have more vegetables and fruits which is easily digestible.

In short, systematic preparation and parental and teachers support, will surely help children cope with those difficult days prior to their examinations.

## ബൈബിൾ ക്വിസ് – ഫെബ്രുവരി 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**2016 ഫെബ്രുവരി മാസത്തിലെ ചോദ്യങ്ങൾ (യിരമ്യാവ് 36 – 52 അദ്ധ്യായം വരെ)**

1. കുണ്ടറയിലെ നിലവറകളിൽ ആയ വ്യക്തി ആര്?
2. ബാബേൽ രാജാവ് യഹൂദാ പട്ടണങ്ങൾക്ക് അധിപതിയാക്കിയിരുന്നത് ആരെ?
3. യിരമ്യാവിന്റെ പുസ്തകചുരുൾ രാജാവിനെ വായിച്ചു കേൾപ്പിച്ചത് ആര്?
4. ഗെദല്യാരെയും കൂട്ടരെയും കൊട്ടാര കുഴിയിൽ ഇട്ടതാര്?
5. മിസ്രയീം ദേശത്ത് യെഹൂദന്മാർ ഏതു ദേവിയെയാണ് ആരാധിച്ചിരുന്നത്?
6. തൈലം വാങ്ങുന്ന സ്ഥലം ഏത്?
7. വിനാശം എന്നും സമയം തെറ്റിവരുന്നവനെന്നും പേർ പറഞ്ഞിരിക്കുന്നത് ആർക്ക്?
8. ഗുഹയുടെ പാർശ്വങ്ങളിൽ കൂടു വെയ്ക്കുന്ന പ്രാവിനെപ്പോലെയാകുവാൻ പറഞ്ഞിരിക്കുന്നത് ആരോട്?
9. സിദെക്കിയാവ് വാഴ്ച തുടങ്ങിയപ്പോൾ അവന് എത്ര വയസ്സായിരുന്നു?
10. യെഹോയാഖിനെ കടാക്ഷിച്ച് കാരാഗ്രഹത്തിൽ നിന്ന് വിടുവിച്ചത് ആര്?

**• 2016 ഫെബ്രുവരി മാസത്തിലെ ശരിയുത്തരങ്ങൾ**

1. മരിച്ചവനെക്കുറിച്ച് (22:10), 2. സ്വപ്നം കണ്ട പ്രവാചകൻ (23:28), 3. ആട്ടിൻകൂട്ടത്തിലെ ശ്രേഷ്ഠന്മാരോട് (25:34), 4. യിരമ്യാവ് (26:8), 5. ഹനന്യാ പ്രവാചകൻ (28:15,16), 6. പൂർണ്ണ ഹൃദയത്തോട് അന്വേഷിക്കുന്നവൻ (29:13), 7. മരുഭൂമിയിൽ (31:2), 8. വിശ്വാസത്യാഗിയായ മക്കൾ (31:22), 9. 17 ശേക്കേൽ വെള്ളി (32:9), 10. യോനാദാവ് (35:6,14)

**• നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* – Sheena Nelson, Sheena Bhavan, Ponnuruthamkuzhi, Uriyakode P. O, Nedumangadu.

*രണ്ടാം സമ്മാനം* – Beena Biji, Mallethu Veedu, Kuttikkanam P.O, Idukki (Dist),Kerala.

**• ശരി ഉത്തരം അയച്ചവർ**

1. Manish George, Manna Vilasam,Kanjirappally P.O, Kottayam. 2. Veena Babu, Vineeth Villa, Palavila, Kattanam P.O, Kayamkulam. 3. Raj Samuel, Gilgal Cottage, Malappanamkode, Vilappilsala. 4.Thampy Markose, MannilHouse, Manakkala P.O, Adoor. 5. Baby Babu, Manjilathumvila, Mannathala,Thiruvananthapuram. 6. Beena Biji, Mallethu Veedu, Kuttikkanam, Idukki. 7. Tiji Philip, Kandathil, Kottayam. 8. Hepsy Florence, AG Church, Uriyakodu, Nedumangadu. 9. Reena , Thoppil Veedu,Neyyattinkara, 10. Joel V. Sabu, Nellimoottol House, Thinkalkarikkam,Kulathupuzha. 11. Betty Rajan, AG Church, Chachipunna, Pathanapuram,Kollam. 12. Sheena Nelson, Sheena Bhavan,Ponnuruthamkuzhi, Uriyakode P. O, Nedumangadu.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈമെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. വിജയികൾക്ക് പാരിതോഷികം നൽകുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്. 7. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 8. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 9. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 10. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്.

## നിര്യാതനായി



കൊട്ടാരക്കര: മാത്യു വർഗ്ഗീസ് (ബാബു) മെയ് 18 ന് തൃക്കണ്ണമംഗലം മുളവന കിഴക്കേതിൽ കുടുംബത്തിൽ മത്തായി വർഗീസ്, അന്നമ്മ ദമ്പതികളുടെ എട്ട് മക്കളിൽ നാലാമനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1970 – ൽ ജോലിയോടുള്ള ബന്ധത്തിൽ ഡൽഹിയിൽ എത്തുകയും 1978 – ൽ അവിടെനിന്നും ഹോങ്കോങ്ങിൽ എത്തി അവിടെ ജോലി ചെയ്തു. 1984 മുതൽ സൗദി അറേബ്യയിൽ ഒബ്റോയി ഗ്രൂപ്പിൽ ജോലി ചെയ്യുകയും ചെയ്തു. സൗദി അറേബ്യയിൽ വച്ച് ഒരു വലിയ വാഹനാപകടം ഉണ്ടാകുകയും കൂടെയുള്ളവർ മരണപ്പെടുകയും തന്നെ ദൈവം അത്ഭുതകരമായി വിടുവിക്കുകയും ചെയ്തു. പിന്നീട് ദൈവത്തെ കൂടുതൽ അറിയുകയും പാരമ്പര്യ മർത്തോമ്മാ കുടുംബത്തിൽ നിന്ന് പെന്തക്കോസ്ത് അനുഭവത്തിലേക്ക് കടന്നുവരുവാനും ഇടയായി.

2013 ൽ ദുബായിൽ എത്തി ബിസ്സിനസ് ആരംഭിക്കുകയും തുടർന്ന് അവിടെയുള്ള ആത്മീക പ്രസ്ഥാനമായ പ്രാർത്ഥനാസംഗമം മിനിസ്ട്രിയുമായി ചേർന്ന് പ്രവർത്തിക്കുകയും മൂന്ന് മാസങ്ങൾക്കുമുമ്പ് ചെറിയ ശാരീരിക അസ്വസ്ഥതയെ തുടർന്ന് നാട്ടിൽ എത്തുകയും തുടർന്ന് 31–12–2015 വ്യാഴം വൈകിട്ട് 6 മണിക്ക് താൻ പ്രിയം വച്ച നിത്യതയിൽ പ്രവേശിക്കുകയും ചെയ്തു. ഭാര്യ: മേരിക്കുട്ടി മാത്യു, മക്കൾ മിനി ജോസ്, ഷൈനി ജയ്സൺ, സന്തോഷ് മാത്യു. മരുമക്കൾ: പാസ്റ്റർ കെ.പി. ജോസ്, വേങ്ങൂർ, ജയ്സൺ കെ.പി, റീന സന്തോഷ്

LANDWAY
Bringing You Closer to God

# LANDWAY NEWS

Published From Pathanamthitta
Volume No. 2, Issue No.3 | Pages 8 | Price: Rs. 10/-

10 MAR 2016

Olive Thottathil, Thumpamon P.O.,
Pandalam, Pathanamthitta Dist,
Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/03/2016



HARVEST
INTERNATIONAL CHURCH


**Partnering with City Reach.**
**Philadelphia PA USA**

*Worships in Indian languages and English Service*

**Worship Timings:**
SUNDAY MEETING: 11.00 AM TO 1.00 PM
COTTAGE MEETINGS: TUESDAY & FRIDAY 6.30PM - 8.00PM

**Come and worship with us.**
**Our Church Helps New Immigrants and all who really need in Help.**

Address:
808 Redlion Rd, Philadelphia PA 19115
Pastor Mathew James
cell : +1 267 400 6334
Email: harvestphil@gmail.com


Come Worship With Us!

PHILADELPHIA FELLOWSHIP CHURCH
LONDON, ONTARIO, CANADA

OUR VISION: CONNECTING WITH GOD AND CONNECTING WITH PEOPLE.

Our church helps new immigrants settle in the beautiful city of London, Canada.

We have services in English, Malayalam and Hindi

weekly programmes
Worship Service: 10:30 a.m. – 12:30 p.m.
Sunday School: 9:45 a.m. – 10:30 a.m.
Tuesday Prayer Meeting: 7:30 p.m.
Friday meeting: 7:30 p.m.
Youth Meeting:
Alternate Saturdays: 6:00 p.m.





Pastor Joy Punnoose
(519) 266-4671 or (226) 224-4500
Email: joypunnoose@usa.net
Web:www.philadelphiachurchlondon.com


## പോയിന്റ് സിസ്റ്റവുമായി ട്രാഫിക്ക് ഡയറക്ടറേറ്റ് നിലവിൽ വന്നു

മനാമ: ഗതാഗത നിയമങ്ങളുടെ ലംഘനങ്ങളുടെ തോത് കുറയ്ക്കുവാനായി പോയിന്റ് സിസ്റ്റം ഏർപ്പെടുത്താൻ ട്രാഫിക് ഡയറക്ടറേറ്റ് തീരുമാനിച്ചു. പുതിയ പദ്ധതി നിലവിൽ വന്നുവെന്ന് ഡയറക്ടർ ഷെയ്ഖ് നാസർ ബിൻ അബ്ദുൾ റഹ്മാൻ അൽ ഖലീഫ അറിയിച്ചു.നിയമലംഘനങ്ങളുടെ തോതനുസരിച്ച് 2 മുതൽ 20 വരെ പോയിന്റാണ് ഗതാഗത വകുപ്പ് നൽകുന്നത്. ഇത്തരത്തിൽ ഒരു വർഷം ഒരാൾക്ക് ആകെ 20 പോയിന്റുകൾ ലഭിക്കുകയാണെങ്കിൽ അയാളുടെ ലൈസൻസ് പിൻവലിക്കപ്പെടും. ആദ്യം മൂന്ന് മാസത്തേക്കാണ് ലൈസൻസ് പിൻവലിക്കു കയെങ്കിലും നിയമലംഘനങ്ങൾ തുടരുകയാണെങ്കിൽ ആറ് മാസത്തേക്കും, ആവർത്തിക്കുകയാണെ ങ്കിൽ ഒരു വർഷത്തേക്കും റദ്ദാക്കും. പിന്നീടുള്ള നിയമലംഘനങ്ങൾക്ക് ലൈസൻസ് എന്നെന്നേക്കുമായി റദ്ദാക്കാനാണ് വകുപ്പിന്റെ തീരുമാനം.

പുതിയ തീരുമാനം വാഹനമോടിക്കുന്നവരിൽ, പ്രത്യേകിച്ച് മനഃപൂർവ്വം ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവരിൽ, കൂടുതൽ ഉത്തരവാദിത്വബോധമുണ്ടാക്കുമെന്നാണ് വിശ്വാസമെന്ന് ഡയറക്ടർ പറഞ്ഞു. പോയിന്റ് സമ്പ്രദായം ബഹ്റിൻ ലൈസൻസ് കൈവശമുള്ളവർക്ക് മാത്രമായിരിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ഭർത്താവ് ഭാര്യക്ക് ശമ്പളം നൽകാൻ വ്യവസ്ഥ ചെയ്യുന്ന ബിൽ വരുന്നു

ന്യൂഡൽഹി: ഭർത്താക്കന്മാർ ഭാര്യമാർക്കു ശമ്പളം നൽകിയില്ലെങ്കിൽ ഇനി ഒരു പക്ഷേ പട്ടിണി കിടക്കേണ്ടിവരും. കാരണം ഭാര്യ വീട്ടിൽ ചെയ്യുന്ന സേവനങ്ങൾക്കു പ്രതിമാസശമ്പളം നൽകണമെന്നു വ്യവസ്ഥ ചെയ്യുന്ന ബിൽ കേന്ദ്രവനിതാ-ശിശുക്ഷേമ വകുപ്പ് തയാറാക്കിവരുകയാണ്. ഭക്ഷണം ഉണ്ടാക്കുന്നതുൾപ്പെടെ വീട്ടമ്മമാർ നിത്യേന ചെയ്യുന്ന ജോലികൾക്കു നിശ്ചിത തുക പ്രതി മാസവേതനമായി നൽകാൻ ഭർത്താക്കന്മാരെ നിയമപരമായി ബാദ്ധ്യസ്ഥരാക്കുന്നതാണ് ഈ ബിൽ ബില്ലിന്റെ കരടു തയാറായി വരുകയാണ്.

സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടാണ് സർക്കാർ നടപടിയെന്നു വനിതാ-ശിശുക്ഷേമ മന്ത്രി കൃഷ്ണ തിരത്ത് പറഞ്ഞു. വീട്ടമ്മമാർക്കു പ്രതിമാസം നൽകേണ്ട ശമ്പളത്തുക സംബന്ധിച്ചു മാനദണ്ഡമുണ്ടാക്കും. കരടുബിൽ തയാറായാൽ ആറുമാസത്തിനുള്ളിൽ ഇതു പാർലമെന്റിൽ അവതരി പ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഭർത്താക്കന്മാരുടെ പ്രതിമാസവരുമാനത്തിന്റെ 10 മുതൽ 20 വരെ ശതമാനം തുക ഭാര്യയുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയെക്കുറിച്ചാണ് ആലോചിച്ചു വരുന്നതെന്നു റിപ്പോർട്ടിലുണ്ട്.


*With best compliments from*

DIVINE TRAVELS
102, New four story, Vishal Enclave, Opp- Rajouri Garden Police Station,
Tagore Garden, New Delhi-110027
Ph: 011-25195343/09810863352/09810485352/09910045352,
Email: csanju1975@yahoo.co.in, aaronsanju@gmail.com

AIR TICKTES ( DOMESTIC & INTERNATIONAL (24HRS SERVICE)
PASSPORT (FRESH & RENEWAL)
VISA ASSISTANCE
TRAIN TICKETS BOOKING
CURRANCY CHANGER ( DOLLAR SALE/ PURCHASE ON AMERICAN EXPRESS BANK RATES)





ട്രെയിൻ, വിമാന, ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും,
പുതിയ പാസ്പ്പോർട്ട് എടുക്കുന്നതിനും
പഴയ പാസ്പ്പോർട്ട് പുതുക്കുന്നതിനും,
വിസാ സംബന്ധമായ കാര്യങ്ങൾക്കും സമീപിക്കുക.



AUTHOR AND FINISHER WORSHIP CENTRE, PUNALUR
ഒരുക്കുന്ന
ആരാധനയും വിടുതൽ ശുശ്രൂഷയും
എല്ലാ ഞായറാഴ്ചയും വ്യാഴാഴ്ചയും
രാവിലെ 10:30 മുതൽ 1 മണി വരെ
YMCA ഹാൾ, ചെമ്മന്തൂർ, പുനലൂർ





പാസ്റ്റർ ജോഷി വർഗ്ഗീസ്
ദൈവവചനം ശുശ്രൂഷിക്കുന്നു
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്:
Prayer Line: 9605061422, Office No. 9744674066
www.authorandfinisherministries.org

എല്ലാ ബുധനാഴ്ചയും രാവിലെ 7.30 മുതൽ 8 വരെ പവർവിഷൻ ചാനലിലും
എല്ലാ ചൊവ്വാഴ്ചയും രാവിലെ 11.30 മുതൽ 12.00 വരെ ഹാർവെസ്റ്റ് ടിവിയിലും
പാസ്റ്റർ ജോഷി വർഗീസ് ദൈവവചനം പ്രസംഗിക്കുന്നു.


### ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## റെയിൽവേ ടിക്കറ്റ് ബുക്കിംഗ്

ദില്ലി : ഫെബ്രുവരി 15 മുതൽ ഐ.എ.ആർ.സി.ടി.സി വെബ്സൈറ്റ് വഴിയുള്ള ഇ ടിക്കറ്റ് ബുക്കിംഗ് ഒരു യൂസർ ഐഡിയിൽ മാസത്തിൽ ആറു തവണത്തേക്കായി പരിമിതപ്പെടുത്തി. നിലവിൽ ഒരാൾക്ക് അയാളുടെ അക്കൗണ്ട് വഴി 10 തവണ ഇ ടിക്കറ്റ് ബുക്ക് ചെയ്യാനാവും. ഇതാണ് ആറു തവണയായി പരിമിതപ്പെടുത്തുന്നത്. ഓൺലൈൻ ടിക്കറ്റ് തട്ടിപ്പ് തടയുന്നതിനാണ് ബുക്കിംഗ് തവണകൾ കുറയ്ക്കുന്നതെന്ന് റെയിൽ മന്ത്രാലയം ഉദ്യോഗസ്ഥർ വ്യക്തമാക്കി.


*Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.*